# KSSIA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com

e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. MARCH 2025. ₹5.00

VOL. 09 - ISSUE NO. 09 - DATE OF PUBLICATION 25TH MARCH, 2025 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24


## തുറമുഖങ്ങൾ - ചെറുകിട സംരംഭകരുടെ കാര്യക്ഷമവും സുസ്ഥിരവുമായ വളർച്ചയ്ക്ക്.



KSIDC

INVEST KERALA GLOBAL SUMMIT

## Invest Kerala Global Summit 2025

# A Resounding Success!

***Sparking an Unprecedented Investment Boom!***

**400+**

Companies Pledge Growth & Expansion

**₹1,65,000+ Cr**

Investment Interest Secured

**Kerala is on the fast track to transforming investment potential into innovation, jobs, and sustainable growth!**

- Roadmap Ready – Ensuring smooth execution of investments
- Fast-Track Approvals – High-level committee for swift clearances
- Sector-Wise Execution – Dedicated teams & industry experts at work












**A record-breaking response sets the stage for Kerala's next big leap!**

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
Joseph Paikada
Kannur. ✆ 94972 24422
✉ josephpaikada@gmail.com

**State Vice Presidents**
P. J. Jose
Cochin. ✆ 98460 53553
✉ info@manoramasalescorporation.com

A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Jayakrishnan B.
Idukki. ✆ 94475 30569
✉ jayakrishnantoyo@yahoo.co.in

**State Joint Secretaries**
M.S. Anaz
Alappuzha. ✆ 98470 42743

M.M. Mujeeb Rahiman
Ernakulam. ✆ 94477 36134

Anvar.K.V.
Malappuram. ✆ 93499 35511

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
Joseph Paikada..... ✆ 94972 24422
Rajesh. G ........... ✆ 98957 03837
Thomas Mathew.. ✆ 80756 59942
Eshaque K. .......... ✆ 98470 08185

**Printer & Publisher**
K.P. Ramachandran Nair
✆ 94470 17899

**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538

## ഉള്ളടക്കം

➢ **എഡിറ്റോറിയൽ:**
വ്യവസായ പുരോഗതിയുടെ വസന്തകാലം ........ 03

➢ **പ്രസിഡൻഷ്യൽ റിപ്പോർട്ട്:**
എം.എസ്.എം.ഇ. മേഖലയോടുള്ള ബാങ്കുകളുടെ സമീപനം കൂടുതൽ സൗഹാർദ്ദപരമായിരിക്കണം ... 05

➢ **വോയിസ് ഓഫ് ജനറൽ സെക്രട്ടറി:**
ആഗോള വ്യവസായ നിക്ഷേപ സമ്മിറ്റ്: വിജയകരമായ സമാപനം ........................... 07

➢ **ജി.എസ്.ടി.:**
ആംനസ്റ്റി സ്കീം ചോദ്യങ്ങളും ഉത്തരങ്ങളും...... 08

➢ **ലോകത്തിന് സ്വാഗതമരുളി സംരംഭക കേരളം** ................................ 12

➢ **ലോക ശ്രദ്ധനേടി ഐകെജിഎസ് 2025:**
ആഗോള നിക്ഷേപക ഭൂപടത്തിൽ കേരളം തിളങ്ങി ................................... 17


➢ **വിഴിഞ്ഞം പോർട്ട്:** ലഘു സംരംഭകർക്ക് സമാനതകളില്ലാത്ത അവസരങ്ങൾ ...................20

➢ **വ്യവസായിക വാർത്തകൾ** .................22

**KSSiA NEWS**
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION - MARCH 2025 - ₹5.00

# എഡിറ്റോറിയൽ

## വ്യവസായ പുരോഗതിയുടെ വസന്തകാലം



മൂലധന നിക്ഷേപകരുടെ സമ്മേളന ചർച്ചകൾ, വ്യവസായ വളർച്ചയുടെ പ്രതീക്ഷ വാനോളം ഉയർത്തിയിട്ടുണ്ട്. ഈ ദീർഘവീക്ഷണവും സംഘാടനവും സ്തുത്യർഹമായി നടത്തിയ സർക്കാരിനെ അഭിനന്ദിക്കാതെ, ഒരു യൂണിറ്റിനും കടന്നു പോകാൻ ആവില്ല. പുതിയ സംരംഭകരിൽ ശ്രദ്ധയൂന്നുന്ന സർക്കാർ, ദേശത്തിന്റെ സാമ്പത്തിക വളർച്ചാ പ്രതീക്ഷയിൽ, കേരളത്തിലെ വ്യവസായികൾ സന്തുഷ്ടരാണ്.

വർഷങ്ങൾക്കു മുമ്പ് ഉണ്ടായ സംരംഭകരുടെ വ്യവസായങ്ങൾ ഇന്നും പ്രതീക്ഷ നഷ്ടപ്പെടാതെ നിലനിന്നു പോകുന്നുണ്ട്. നമ്മുടെ കൊച്ചു കേരളത്തിൽ നിരവധി സൂക്ഷ്മ ചെറുകിട, ഇടത്തരം വ്യവസായങ്ങൾ നിലവിലുണ്ട്. വ്യവസായ പുരോഗതിക്കും മൂലധന നിക്ഷേപത്തിനും തടസ്സമായി കിടക്കുന്ന, ചില പ്രശ്നങ്ങൾ പല ഡിപ്പാർട്ട്മെന്റുകളിലായി നിലവിലുണ്ട്. നിലവിലുള്ള വ്യവസായികൾ നേരിടുന്ന ഈ പ്രശ്നങ്ങൾ പരിഹരിക്കേണ്ടിയിരിക്കുന്നു.

ഇത്തരം പ്രശ്നങ്ങളുടെ പരിഹാര നിവർത്തിക്കായി, ഞങ്ങളുടെ സംഘടന ഒരു പ്രായോഗിക നിർദ്ദേശം മുന്നോട്ടുവയ്ക്കുന്നു. വ്യവസായ മേഖലയെ പുതിയതും പഴയതുമായി പരിഗണിക്കാനാവില്ലല്ലോ. ആയതിനാൽ, വ്യവസായത്തിന്റെ പ്രശ്നങ്ങളും പ്രതിവിധികളും നിർണയിക്കുവാനായി, ബഹു: മുഖ്യമന്ത്രിയും വ്യവസായ മന്ത്രിയും മുൻകൈയെടുത്ത് വ്യവസായവുമായി ബന്ധപ്പെട്ട, തദ്ദേശ സ്വയംഭരണം, റവന്യൂ, വൈദ്യുതി, വനം, മന്ത്രിമാരെയും വകുപ്പ് മേധാവികളെയും, വൈദ്യുതി ബോർഡ്, പൊലൂഷൻ കൺട്രോൾ ബോർഡ് മേധാവികളെയും, മറ്റ് ഉദ്യോഗസ്ഥരെയും ഞങ്ങളുടെ വ്യവസായ സംഘടനയുടെ പ്രതിനിധികളെയും കൂട്ടി ചേർത്തു ഒരു മീറ്റിംഗ് വിളിച്ച്, കൂട്ടായ ചർച്ചകളിലൂടെ വ്യവസായ പ്രശ്നങ്ങൾ പരിഹരിക്കണമെന്നുള്ള അപേക്ഷയാണ് ഞങ്ങളുടേത്. വ്യവസായ സൗഹൃദം, വളർച്ച, സാമ്പത്തിക പുരോഗതി, മൂലധന വർദ്ധന, തൊഴിൽ ലഭ്യത, നികുതി ലഭ്യത, സർവ്വോപരി നാടിന്റെ പുരോഗതി അതാണല്ലോ നമ്മുടെ മുഖ്യ ലക്ഷ്യം.

പ്രതീക്ഷയോടെ,

**എസ്. സലിം**
**ചീഫ് എഡിറ്റർ**

MOFPI
MINISTRY OF FOOD PROCESSING INDUSTRIES
GOVERNMENT OF INDIA

PMFME

വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ

K-bip



# ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് വലിയ ഉയരങ്ങൾ താണ്ടാം

## പ്രധാൻ മന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പിഎംഎഫ്എംഇ) പദ്ധതി

**ഓരോ അപേക്ഷകനും ആദ്യാന്ത്യം സമ്പൂർണ കൈത്താങ്ങ് ഉറപ്പാക്കുന്നു**

- **10 ലക്ഷം രൂപ വരെ സബ്സിഡി**
  യോഗ്യമായ പദ്ധതി ചിലവിന്റെ 35% ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡിയായി പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം

- **എസ്.എച്ച്.ജി. അംഗങ്ങൾക്ക് 40,000 രൂപ വരെ ധനസഹായം**
  സ്വയം സഹായ സംഘങ്ങളിലെ ഓരോ അംഗത്തിനും പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും 40000 രൂപ വരെ ധനസഹായം

- **പൊതു അടിസ്ഥാന സൗകര്യത്തിന് 3 കോടി രൂപ വരെ**
  പൊതു അടിസ്ഥാന സൗകര്യത്തിനും മൂലധന നിക്ഷേപത്തിനും എസ്.എച്ച്.ജി., എഫ്.പി.ഒ., സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് 3 കോടി രൂപ വരെ ധനസഹായം

കൂടുതൽ വിവരങ്ങൾക്ക്

**ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെടുക**

**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**
വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം - 695033.
ഫോൺ: 91 471 2302774 | ഫാക്സ്: +91 471 2305493
ഇമെയിൽ: industriesdirectorate@gmail.com
വെബ്: www.industry.kerala.gov.in

K-bip

**കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ**
2, വിദ്യാ നഗർ, പൊലീസ് ഗ്രൗണ്ടിന് എതിർവശം,
തൈക്കാട് പി.ഒ., തിരുവനന്തപുരം - 695014.
ഫോൺ: +91 471 2321882 | ഫാക്സ്: +91 471 2322883
ഇമെയിൽ: kbip@keralaindustry.org | വെബ്: www.kbip.org



# എം.എസ്.എം.ഇ. മേഖലയോടുള്ള ബാങ്കുകളുടെ സമീപനം കൂടുതൽ സൗഹാർദ്ദപരമായിരിക്കണം

## പ്രസിഡൻഷ്യൽ റിപ്പോർട്ട്

രാജ്യത്തിന്റെ സമ്പത്ഘടനയിലും തൊഴിൽ വികസനത്തിലും ശ്രദ്ധേയമായ പങ്കാണ് മൈക്രോ സ്മാാൾ ആൻഡ് മീഡിയം എന്റർപ്രൈസസ് മേഖല വഹിക്കുന്നത്. കാർഷിക മേഖല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്ന മേഖലയാണിത്. കുറഞ്ഞ മൂലധനവും താരതമേന്യ പൊലൂഷൻ കുറഞ്ഞ ഈ മേഖലയുടെ വളർച്ചയെയാണ് രാജ്യം പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനവും ലക്ഷ്യമിടുന്നത്. സംസ്ഥാന സർക്കാർ ഈ മേഖലയിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ വളരെ ശ്രദ്ധിക്കപ്പെട്ടിട്ടുള്ളതും അംഗീകരിക്കപ്പെട്ടിട്ടുള്ളതും കൊണ്ടാണ് ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിൽ കേരളം ഒന്നാം സ്ഥാനത്ത് എത്തിയത്.

വ്യവസായ മേഖലയുടെ വികസനത്തിനും വളർച്ചയ്ക്കും പ്രധാന പങ്കുവഹിക്കേണ്ട സ്ഥാപനങ്ങളാണ് ധനകാര്യ സ്ഥാപനങ്ങൾ, പ്രത്യേകിച്ച് ബാങ്കുകൾ. സംസ്ഥാനത്ത് നിന്നുള്ള നിക്ഷേപം സംസ്ഥാനത്ത് തന്നെ വിനിയോഗിക്കാതെ അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്ന ഒരു പ്രവണതയായിരുന്നു ഈ അടുത്ത കാലം വരെ. ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ 50 ശതമാനത്തിൽ താഴെയായിരുന്നു ഇപ്പോൾ ഇതിൽ നിന്നും ഒരു മാറ്റം വരികയും ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ 70% ശതമാനത്തിൽ കൂടുതൽ ഉയർന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

സംസ്ഥാന സർക്കാരിന്റെയും എസ്.എൽ.ബി.സി. യുടെയും ശക്തമായ ഇടപെടൽ ഈ വർദ്ധനവ് ഉണ്ടാകാൻ സഹായകരമായി. എന്നാലും ബാങ്കുകൾ എം.എസ്. എം.ഇ. മേഖലയോട് വായ്പകൾ അനുവദിക്കുന്ന കാര്യത്തിലും മറ്റു സർവീസുകൾ നൽകുന്ന കാര്യത്തിലും ഒരു നിഷേധാത്മകമായ സമീപനമാണ് സ്വീകരിക്കുന്നതെന്ന് പൊതുവേയുള്ള ഒരു പരാതി നിലനിൽക്കുന്നുണ്ട്. വർഷത്തിൽ ഒരു ലക്ഷത്തി 17,000 കോടി രൂപ



എൻ.ആർ.ഐ. നിക്ഷേപം സംസ്ഥാനത്ത് വരുന്നുണ്ട് ഈ നിക്ഷേപം സംസ്ഥാനത്ത് പൂർണമായും വിനിയോഗിക്കാൻ ശ്രമിക്കാതെ അന്യസംസ്ഥാനങ്ങളിലേക്ക് ബാങ്കുകൾ കൊണ്ടുപോകുന്നത് ഷെഡ്യൂൾഡ് ബാങ്കുകൾ ആയ ഫെഡറൽ ബാങ്ക് സൗത്ത് ഇന്ത്യൻ ബാങ്ക് തുടങ്ങിയവയുടെ സംസ്ഥാനത്തെ വിനിയോഗം ഏതാണ്ട് 40 ശതമാനം മാത്രമെ വരു. കാനറാ ബാങ്ക് മാത്രമേ മെച്ചപ്പെട്ട രീതിയിൽ നിക്ഷേപം സംസ്ഥാനത്ത് വിനിയോഗിക്കുന്നത്. വിദേശത്തുനിന്നും സ്വദേശത്തു നിന്നുമുള്ള നിക്ഷേപങ്ങൾ മുഴുവനായും സംസ്ഥാനത്തെ ഉത്പാദന മേഖലയ്ക്കും വികസന പ്രവർത്തനങ്ങൾക്കും വിനിയോഗിക്കാനുള്ള അനുകൂലമായ ഒരു നിലപാട് ബാങ്കുകൾ സ്വീകരിക്കണം. പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് മതിയായ വായ്പകൾ നൽകാതിരിക്കുക, വായ്പകൾ നൽകുന്നതിന് കാലതാമസം എടുക്കുക, എന്നിവയ്ക്ക് പുറമെ പ്രൊസ്സസിംഗ് ഫീസ് മറ്റു വിവിധ തരത്തിലുള്ള സർവീസ് ചാർജുകൾ ഈടാക്കുക തുടങ്ങിയ നിരവധി ബുദ്ധിമുട്ടുകൾ ബാങ്കുകളിൽ നിന്നും പ്രത്യേകിച്ച് മുൻനിര ബാങ്കുകളിൽ ഒന്നായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും വ്യവസായികൾ നേരിടുന്നതായി പരക്കെ പരാതിയുണ്ട്. നീതിക്ക് നിരക്കാത്ത ഇത്തരം സമീപനങ്ങൾ ബാങ്കുകളിൽ നിന്നും ഉണ്ടാകാതിരിക്കാനുള്ള സംവിധാനം ഉണ്ടാകണമെന്നാണ് വ്യവസായികളുടെ ആവശ്യം.

സി.ജി.ടി.എം.എസ്.ഇ. പ്രകാരം അഞ്ചുകോടി രൂപ വരെ മൂന്നാം കക്ഷിക്കാരന്റെയും ഈടോ ഇല്ലാതെ നൽകണമെന്ന വ്യവസ്ഥ നടപ്പാക്കാൻ പല ബാങ്കുകളും തയ്യാറാവുന്നില്ല.

കേന്ദ്ര ധനകാര്യ മന്ത്രിയുടെ പുതിയ പ്രഖ്യാപനത്തെ തുടർന്ന് ഈ പദ്ധതി പ്രകാരമുള്ള വായ്പ തുക അഞ്ചുകോടിയിൽ നിന്ന് പത്തുകോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് പ്രകാരം 10 കോടി രൂപ വരെ വായ്പ ലഭിക്കും. ഇത് കൂടതുൽ കർശനമായി നടപ്പിലാക്കണം. ഈ സ്കീമുകൾക്കുള്ള 2 ശതമാനം അധിക പലിശ പരമാവധി ഒഴിവാക്കണം.

ഏതെങ്കിലും ഒരു ഇടപാടുകാരൻ തന്റെ വായ്പ സ്ഥാപനത്തിൽ നിന്നും മതിയായ സേവനങ്ങൾ കിട്ടാതിരിക്കുമ്പോൾ അതുവരെയുള്ള വായ്പ കുടിശ്ശിക തീർത്ത് മറ്റൊരു ബാങ്കിലേക്ക് അക്കൗണ്ട് മാറ്റുമ്പോൾ പ്രീക്ലോഷർ ചാർജ് ഈടാക്കലിൽ നിന്ന് ഒഴിവാക്കണമെന്ന് വ്യവസായികളുടെ ആവശ്യം റിസർവ്ബാങ്കും അംഗീകരിച്ചിരിക്കുകയാണ് എന്നാൽ ചില ബാങ്കുകൾ റിസർവ് ബാങ്കിന്റെ നിർദ്ദേശം അവഗണിച്ച് പ്രീക്ലോഷർ ചാർജ് ഈടാക്കുന്നതായും പരാതിയുണ്ട്.

ഏതെങ്കിലും കാരണവശാൽ സാമ്പത്തിക പരാധീനതകൾ മൂലം മാസഗഡുക്കൾ മുടങ്ങിയാൽ 90 ദിവസം കഴിഞ്ഞാൽ നിഷ്ക്രിയ ആസ്തിയായി കണക്കാക്കി റവന്യു റിക്കവറി നടപടികളിലേക്കാണ് ബാങ്കുകൾ നീങ്ങുന്നത് എൻ.പി.എ. കണക്കാക്കുന്ന 90 ദിവസത്തെ പരിധി 180 ദിവസമായി ഉയർത്തണമെന്ന് വ്യവസായികളുടെ ആവശ്യം നിറവേറ്റപ്പെട്ടിട്ടില്ല ബാങ്കുകളിൽ നിന്നും ഉണ്ടാകുന്ന ഇത്തരം പരാതികൾ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും എം.എസ്.എം.ഇ.യുടെ വളർച്ചയ്ക്കും വികസനത്തിനും നീതിപൂർവ്വമായ സമീപനങ്ങൾ ഉണ്ടാകണമെന്നാണ് എം.എസ്.എം.ഇ. കളെ പ്രതിനിധീകരിക്കുന്ന കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ മുന്നോട്ട് വെക്കുന്ന ആവശ്യം.

**എ. നിസാറുദ്ദീൻ**
**സംസ്ഥാന പ്രസിഡന്റ്**





# ആഗോള വ്യവസായ നിക്ഷേപ സമ്മിറ്റ്: വിജയകരമായ സമാപനം:

## വോയിസ് ഓഫ് ജനറൽ സെക്രട്ടറി

ഫെബ്രുവരി 21, 22 തീയതികളിൽ കേരള സർക്കാർ എറണാകുളം ബോൾഗാട്ടി ലുലു ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടത്തിയ ആഗോള വ്യവസായ നിക്ഷേപ സമ്മിറ്റ് വളരെ വിജയകരവും വ്യവസായ മേഖലയിൽ ഒരു പുത്തൻ ഉണർവിനും സഹായകരമായി 25 വിദേശ രാഷ്ട്രങ്ങൾ ഉൾപ്പെടെ മൂവായിരത്തോളം സംരംഭകർ പങ്കെടുത്തു. മുഖ്യമന്ത്രി, കേന്ദ്ര സംസ്ഥാന മന്ത്രിമാർ, യു.എ.ഇ., ബഹറിൻ മന്ത്രിമാരും വ്യവസായ വാണിജ്യ മേഖലയിലെ പ്രമുഖരുടെയും പങ്കാളിത്തം ശ്രദ്ധേയമായി. കേരളത്തെ സംബന്ധിച്ച് ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ നിക്ഷേപ സംഗമം ആയിരുന്നു ഇത്. ഒന്നര ലക്ഷത്തിലധികം കോടി രൂപയുടെ നിക്ഷേപത്തിനുള്ള താൽപര്യപത്രം ഒപ്പുവച്ചതായിട്ടാണ് പ്രാഥമിക കണക്ക് നിക്ഷേപത്തിന്റെ തോത് ഇനിയും വർദ്ധിക്കുമെന്നാണ് സംഘാടകരിൽ നിന്നുള്ള വിവരം.

കേരളത്തിന് അനുയോജ്യമായ വ്യവസായ പ്രോജക്ടുകളാണ് സമ്മിറ്റിൽ അവതരിപ്പിച്ചതും, ചർച്ചയ്ക്ക് വിധേയമായതും, ധാരണ പത്രത്തിൽ ഒപ്പുവെച്ചതും. സമ്മിറ്റിൽ ഒപ്പുവെച്ച ധാരണപത്രം തരംതിരിച്ച് വിലയിരുത്താനുള്ള നടപടികളും ആരംഭിച്ചതായിട്ടാണ് അറിയുന്നത്. ഉടൻ തുടങ്ങാൻ കഴിയുന്ന, നിശ്ചിത സമയത്തിനുള്ളിൽ തുടങ്ങാൻ സാധിക്കുന്നവ എന്നിങ്ങനെ പദ്ധതികളെ വേർതിരിക്കാനുള്ള നടപടികൾക്കും തുടക്കമായി. പദ്ധതികളുടെ പുരോഗതി ഡാഷ് ബോർഡ് വഴി പൊതു ജനങ്ങൾക്ക് ലഭ്യമാക്കാനുമുള്ള സംവിധാനവും ഉടനെ ഉണ്ടാകും. അനുമതി വേഗത്തിലാക്കാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സമിതിക്ക് രൂപം നൽകി. ആഗോള വ്യവസായ സംഗമം പൂർത്തിയായതിന് ദിവസങ്ങൾക്കുള്ളിൽ സമ്മിറ്റിൽ ഒപ്പുവെച്ച് ധാരണ പത്രത്തിൽ നടപടികൾ സ്വീകരിച്ചു കാണുന്നു എന്ന് കാണുമ്പോൾ കേരള സർക്കാരിന്റെയും, മുഖ്യമന്ത്രിയുടെയും പ്രത്യേകിച്ച് വ്യവസായ വകുപ്പ് മന്ത്രിയുടെയും ഉദ്യോഗസ്ഥ വൃന്ദത്തിന്റെയും ആത്മാർത്ഥതയും നിശ്ചയദാർഢ്യവുമാണ് തെളിയുന്നത്. നിക്ഷേപത്തിന് ഏറ്റവും അനുയോജ്യമായ സംസ്ഥാനം കേരളമാണെന്ന് തെളിയിക്കാൻ ഈ ആഗോള വ്യവസായ സമ്മിറ്റിന് സാധിച്ചു എന്നുള്ളത് നമുക്ക് ഏവർക്കും അഭിമാനിക്കാം. രാഷ്ട്രീയ വ്യത്യാസം ഇല്ലാതെ എല്ലാവരുടെയും സഹകരണത്തോടെ നിക്ഷേപകരെ സംസ്ഥാനത്ത് ആകർഷിക്കാനും ഈ സമ്മിറ്റ് പ്രചോദനം നൽകും. സമ്മിറ്റിനോടനുബന്ധിച്ച് പൊതുമേഖല സ്വകാര്യമേഖല സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനവും സമ്മേളന പ്രതിനിധികൾക്കും പരിചയപ്പെടുത്താനും വളരെ സഹായകരമായി. സമ്മിറ്റിൽ ഒപ്പുവെച്ച ധാരണ പത്രത്തിന്റെ തുടർനടപടികൾ സമയബന്ധിതമായി നടപ്പാക്കാനുള്ള അടിയന്തിര മേൽ നടപടികളാണ് വ്യവസായ വകുപ്പിന്റെ മുമ്പിലുള്ളത്. ഇതിന് കാര്യമായ പരിഗണന നല്കി വേഗതയോടു കൂടി കാര്യങ്ങൾ നടപ്പിലാക്കണമെന്ന് കൂടി അഭ്യർത്ഥിക്കുന്നു. ■

**ജോസഫ് പൈകട**
**ജനറൽ സെക്രട്ടറി**





GST ചോദ്യോത്തര പംക്തി

ഡോ. (അഡ്വ.) കെ.എസ്. ഹരിഹരൻ
B.Com, LLB, MBA, LLM, Phd

# ജി.എസ്.ടി. ആംനസ്റ്റി സ്കീം

## ചോദ്യങ്ങളും ഉത്തരങ്ങളും

**GST ആംനസ്റ്റി സ്കീം സംബന്ധിച്ചു നികുതിദായകർ ചോദിച്ച പ്രധാനപ്പെട്ട ചോദ്യങ്ങളും ഉത്തരങ്ങളും.**

**1) 2017-18 മുതൽ 2019-20 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ നികുതിദായകൻ Section 73 പ്രകാരമുള്ള ഡിമാൻഡിന് വിരുദ്ധമായി പലിശയായോ പിഴയായോ അല്ലെങ്കിൽ രണ്ടും കൂടിയോ അടച്ചിട്ടുണ്ടെങ്കിൽ, ആ തുക Section 73 പ്രകാരമുള്ള നികുതി തുകയുമായി ക്രമീകരിക്കണോ?**

ഇല്ല. Section128 A(1) ലെ മൂന്നാമത്തെ വ്യവസ്ഥ പ്രകാരം, പലിശയായോ പിഴയായോ ഇതിനകം അടച്ച ഏതെങ്കിലും തുകയുടെ റീഫണ്ട് അനുവദിക്കില്ല. അതനുസരിച്ച് പലിശയായോ പിഴയായോ അടച്ചതുക നികുതി തുകയിലേക്ക് ക്രമീകരിക്കാൻ കഴിയില്ല.

**2) നികുതിദായകന്റെ പേരിൽ മറ്റേതെങ്കിലും വ്യക്തിയിൽ നിന്ന് GST ഉദ്യോഗസ്ഥർ തിരിച്ചുപിടിച്ച തുക Section 128 A പ്രകാരം അടച്ച നികുതിയായി കണക്കാക്കാൻ കഴിയുമോ?**

കഴിയും, നികുതി ദായകന്റെ പേരിൽ മറ്റേതെങ്കിലും വ്യക്തിയിൽ നിന്ന് നികുതി ഉദ്യോഗസ്ഥൻ തിരിച്ചുപിടിച്ച നികുതി തുക Section 128 A പ്രകാരം അടച്ച നികുതിയായി കണക്കാക്കുന്നതാണ്. എന്നിരുന്നാലും അത്തരമൊരു തുക 31.03.2025 ന് മുമ്പ് തിരിച്ചു പിടിക്കണം.

**3) Section 128A പ്രാബല്യത്തിൽ വരുന്ന തീയതിക്ക് മുമ്പ് നികുതി ഘടകം പൂർണ്ണമായി അടച്ച നികുതി ദായകർക്ക് Section 128A {പകാരമുള്ള ആനുകൂല്യം ലഭ്യമാകുമോ?**

2025 മാർച്ച് 31 വരെ ഡിമാൻഡിനായി അടച്ച എല്ലാ തുകയും, പ്രസ്തുത തുക പ്രസ്തുത ഡിമാൻഡിനായി നൽകാൻ ഉദ്ദേശിച്ചിരുന്നെങ്കിൽ Section 128A (1) പ്രകാരം അടച്ച തുകയായി കണക്കാക്കും. Section 128A പ്രാബല്യത്തിൽ വരുന്ന തീയതിക്ക് മുമ്പോ അതിനു ശേഷമോ പ്രസ്തുത പേയ്മെന്റ് നടത്തിയാലും Section 128 A പ്രകാരമുള്ള ആനുകൂല്യം ലഭ്യമാകും. കൂടാതെ, ഡിമാൻഡ് നോട്ടീസോ ഡിമാൻഡ് ഓർഡറോ പുറപ്പെടുവിക്കുന്നതിന് മുമ്പ് പണമടച്ചാലും Section 128A പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകും.

**4) Section 128 A യുടെ ആനുകൂല്യം ഭാഗികമായ പലിശ ഇളവിനോ പിഴ ഇളവിനോ, അതായത്, ഡിമാൻഡ് ഓർഡറിൽ പരാമർശിച്ചിരിക്കുന്ന ചില കാര്യങ്ങളുമായി ബന്ധപ്പെട്ട ഇളവിനോ അവകാശപ്പെടുകയും ശേഷിക്കുന്ന വിഷയങ്ങൾക്കായി വ്യവഹാരം നടത്താൻ തീരുമാനിക്കുകയും ചെയ്യുമോ?**

നോട്ടീസിൽ / പ്രസ്താവനയിൽ / ഉത്തരവിൽ ആവശ്യപ്പെട്ടിരിക്കുന്ന നികുതിയുടെ മുഴുവൻ തുകയും അടച്ചാൽ മാത്രമേ പലിശയോ പിഴയോ അല്ലെങ്കിൽ രണ്ടും ഒഴിവാ

ക്കൽ ബാധകമാകൂ എന്ന് Section 128A (1) വ്യക്തമായി വ്യവസ്ഥ ചെയ്യുന്നു. അതിനാൽ, ഭാഗിക പലിശയ്ക്കോ പിഴയ്ക്കോ എതിരായി ആനുകൂല്യം ക്ലെയിം ചെയ്യാൻ സാധിക്കുകയില്ല.

**5) Section 73 പ്രകാരം പുറപ്പെടുവിച്ച നോട്ടീസ്/ പ്രസ്താവന/ഉത്തരവ് ഒന്നിലധികം പ്രശ്നങ്ങൾ ഉൾക്കൊള്ളുകയും അവയിലൊന്ന് തെറ്റായ റീഫണ്ട് ആവശ്യപ്പെടുന്നതുമായി ബന്ധപ്പെട്ടതാണെങ്കിൽ, Section 128 A പ്രകാരം പലിശയോ പിഴയോ ഇളവിനായി അപേക്ഷ സമർപ്പിക്കാമോ അതോ രണ്ടും കൂടിയോ ആകാമോ? അങ്ങനെയെങ്കിൽ, Section 128 A പ്രകാരം ഇളവ് ക്ലെയിം ചെയ്യുന്നതിന് നൽകേണ്ട നികുതി തുക എത്രയാണ്?**

- അതെ. എന്നിരുന്നാലും, Rule 164(3) പ്രകാരം, Section 128 A യുടെ ആനുകൂല്യം ലഭിക്കുന്നതിന്, തെറ്റായ റീഫണ്ട് ഉൾപ്പെടെ, നോട്ടീസിലോ പ്രസ്താവനയിലോ ഉത്തരവിലോ ആവശ്യപ്പെട്ട നികുതിയുടെ മുഴുവൻ തുകയും നികുതിദായകൻ അടയ്ക്കേണ്ടതുണ്ട്.
- തെറ്റായ റീഫണ്ടുകളുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ ഒഴികെയുള്ള നികുതി ആവശ്യങ്ങൾക്ക് മാത്രമേ Section 128 A പ്രകാരമുള്ള ഇളവ് ലഭ്യമാകൂ.
- Section 128A പ്രകാരമുള്ള ഇളവിന് അപേക്ഷകൻ അർഹൻ ആണെന്ന് ഉദ്യോഗസ്ഥൻ കണ്ടെത്തുകയാണെങ്കിൽ, തെറ്റായ റീഫണ്ട് ആവശ്യകതയുമായി ബന്ധപ്പെട്ട നികുതി ആവശ്യകതയ്ക്ക് GSTSPL-05ലെ ഉത്തരവിൽ അദ്ദേഹം ബാധ്യത ആ പരിധി വരെ കുറയ്ക്കും.
- തെറ്റായ റീഫണ്ടുമായി ബന്ധപ്പെട്ട പലിശയോ പിഴയോ തുടർന്നും നൽകേണ്ടതാണ്.
- GSTSPL- 05 അല്ലെങ്കിൽ GSTSPL-06 ഫോമിൽ ഓർഡർ പുറപ്പെടുവിച്ച തീയതി മുതൽ 3 മാസത്തിനുള്ളിൽ അപേക്ഷകൻ അത്തരമൊരു തുക അടയ്ക്കണം.
- പാലിക്കാത്ത സാഹചര്യത്തിൽ, പലിശയോ പിഴയോ ഒഴിവാക്കുന്നതിനുള്ള FORM GSTSPL-05 അല്ലെങ്കിൽ FORM GSTSPL-06 ലെ ഉത്തരവ്, സാഹചര്യത്തിനനുസരിച്ച്, അസാധുവാകും.

**6) മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള പിഴകൾ, Late ഫീസ്, റിഡംപ്ഷൻ പിഴകൾ മുതലായവയിൽ നിന്നുള്ള ഇളവ് Section 128 A ഉൾക്കൊള്ളുന്നുണ്ടോ?**

Section 73, Section 122, Section 125 മുതലായവ പ്രകാരം ഡിമാൻഡ് നോട്ടീസ്/ സ്റ്റേറ്റ്മെന്റ് / ഓർഡർ പ്രകാരം ആവശ്യപ്പെടുന്ന ഏതൊരു പിഴയും Section128A യിൽ ഉൾപ്പെടുന്നു.എന്നിരുന്നാലും, Late ഫീസ്, റിഡംപ്ഷൻ പിഴകൾ മുതലായവ Section128 A യിൽ നൽകിയിരിക്കുന്ന ഇളവിന് കീഴിൽ ഉൾപ്പെടുത്തിയിട്ടില്ല.

**7) നികുതിദായകൻ ഇതിനകം കുടിശ്ശികയുള്ള നികുതി അടച്ചിട്ടുണ്ടെങ്കിൽ, ഇപ്പോൾ നോട്ടീസ് അല്ലെങ്കിൽ ഡിമാൻഡ് ഉത്തരവുകൾ ഉൾപ്പെട്ട പലിശയ്ക്കും പിഴയ്ക്കും മാത്രമാണോ ബാധകമാകുന്നത്?**

Section128 A യുടെ ആനുകൂല്യം ലഭിക്കുന്നതിന് അത്തരം കേസുകൾ പരിഗണിക്കും. എന്നിരുന്നാലും, റിട്ടേണുകൾ സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തിയതിനാലോ റിട്ടേണിൽ ഏതെങ്കിലും വിതരണം റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വരുത്തിയതിനാലോ പലിശ ആവശ്യപ്പെടുന്ന സാഹചര്യത്തിൽ പലിശയും പിഴയും ഒഴിവാക്കുന്നതല്ല. കാരണം അത്തരം പലിശ സ്വയം വിലയിരുത്തിയ ബാധ്യതയുടെ പലിശ ആവശ്യകതയുമായി ബന്ധപ്പെട്ടതും നികുതി കുടിശ്ശികകളുടെ ഏതെങ്കിലും ആവശ്യവുമായി ബന്ധപ്പെട്ടതല്ലാത്തതും Section 75 ലെ ഉപവകുപ്പ് (12) പ്രകാരം നേരിട്ട് വീണ്ടെടുക്കാവുന്നതുമാണ്.

**8) Section 73 പ്രകാരം പുറപ്പെടുവിച്ച നോട്ടീസ്/ ഉത്തരവ് Section 128 A പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള സാമ്പത്തിക വർഷവും മറ്റ് സാമ്പത്തിക വർഷങ്ങളും ഉൾപ്പെടെ ഒന്നിലധികം സാമ്പത്തിക വർഷങ്ങളെ ഉൾക്കൊള്ളുന്നുണ്ടെങ്കിൽ, Section 128 A പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള കാലയളവിൽ Section 128 A യുടെ ആനുകൂല്യം ലഭിക്കുമോ? അങ്ങനെയെങ്കിൽ, Section 128A പ്രകാരം ഇളവ് ക്ലെയിം ചെയ്യുന്നതിന് നൽകേണ്ട നികുതി തുക എത്രയാണ്?**

അത്തരമൊരു സാഹചര്യത്തിൽ, നികുതിദായകന് Section 128A പ്രകാരം ആനുകൂല്യം ക്ലെയിം ചെയ്യാമെന്ന് CBIC വ്യക്തമാക്കിയിട്ടുണ്ട്. എന്നിരുന്നാ ലും, ചട്ടം 164 (4) പ്രകാരം, ആനുകൂല്യം ക്ലെയിം ചെയ്യുന്നതിനായി നോട്ടീസ്/ സ്റ്റേറ്റ്മെന്റ്/ഓർഡറിൽ ആവശ്യപ്പെട്ടിരിക്കുന്ന മുഴുവൻ നികുതി തുകയും നികുതിദായകൻ അടയ്ക്കേണ്ടതുണ്ട്. മുഴുവൻ കാലയളവിലേക്കും ആവശ്യപ്പെട്ട നികുതി അടച്ചതിനു ശേഷം, Section 128 A ൽ വ്യക്തമാക്കിയിരിക്കുന്ന

കാലയളവിലേക്ക് മാത്രമേ പലിശയോ പിഴയോ ഒഴിവാക്കൽ ബാധകമാകൂ, പ്രസ്തുത വകുപ്പിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത കാലയളവിലേക്ക് ബാധകമാകില്ല.

നോട്ടീസ്/സ്റ്റേറ്റ്മെന്റ്/ഓർഡറിൽ ആവശ്യപ്പെട്ടിരിക്കുന്ന മുഴുവൻ തുകയും അടച്ചു കഴിഞ്ഞാൽ, Section 128 A പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്ന നികുതി കാലയളവുകളിലെ പലിശയോ പിഴയോ എഴുതിത്തള്ളാൻ അപേക്ഷകന് അർഹതയുണ്ടെന്ന് ഉദ്യോഗസ്ഥൻ കണ്ടെത്തുകയാണെങ്കിൽ, GSTSPL-05 ഫോമിലെ തന്റെ ഉത്തരവിൽ അദ്ദേഹം ബാധ്യത ആ പരിധി വരെ കുറയ്ക്കും. Section 128 A പ്രകാരം ഉൾപ്പെടുത്തിയി ട്ടില്ലാത്ത നികുതി കാലയളവുകളിലെ പലിശയോ പിഴയോ എന്നതിന്റെ ശേഷിക്കുന്ന ബാധ്യത നികുതിദായകൻ തന്നെ നൽകേണ്ടതാണ്. ഓർഡർ ഇഷ്യൂ ചെയ്ത തീയതി മുതൽ 3 മാസത്തിനുള്ളിൽ അപേക്ഷകൻ GSTSPL-05 അല്ലെങ്കിൽ FORM GSTSPL-06 ൽ ബാക്കി തുക അടയ്ക്കേണ്ടതാണ്. നിർദ്ദിഷ്ട സമയത്തിനുള്ളിൽ പണമടയ്ക്കാത്ത സാഹചര്യത്തിൽ, FORM GSTSPL-05 അല്ലെങ്കിൽ FORM GSTSPL-06 ലെ ഓർഡർ അസാധുവാകും.

**9) ക്രമരഹിതമായി ലഭിച്ച ട്രാൻസിഷൻ ക്രെഡിറ്റിനുള്ള ആവശ്യകത ഉൾപ്പെടുന്ന കേസുകൾ Section 128A ഉൾക്കൊള്ളുന്നുണ്ടോ?**

ഇലക്ട്രോണിക് ക്രെഡിറ്റ് ലെഡ്ജറിൽ പ്രസ്തുത ക്രെഡിറ്റ് തുക ക്രെഡിറ്റ് ചെയ്യുന്ന തീയതിയിൽ ട്രാൻസിഷണൽ ക്രെഡിറ്റ് ലഭിച്ചതായി കണക്കാക്കും. റൂൾ 117(3) നോടൊപ്പം വായിച്ച റൂൾ 121 പ്രകാരം, തെറ്റായി ലഭിച്ച ട്രാൻസിഷണൽ ക്രെഡിറ്റുമായി ബന്ധപ്പെട്ട ഏതൊരു ആവശ്യവും Section 73 അല്ലെങ്കിൽ Section 74 പ്രകാരം ഉന്നയിക്കാവുന്നതാണ്. അതിനാൽ, Section 128A പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്ന കാലയളവിൽ ട്രാൻസിഷണൽ ക്രെഡിറ്റ് തുക ലഭിച്ചിട്ടുണ്ടെങ്കിൽ, Section 73 പ്രകാരം തെറ്റായി ലഭിച്ച ക്രെഡിറ്റ് ആവശ്യപ്പെടുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുണ്ടെങ്കിൽ, അത് section 128A പ്രകാരം ബാധകമാണ്.

**10) വകുപ്പ് 128A(1)(b) അല്ലെങ്കിൽ (c) യിൽ പരാമർശിച്ചിരിക്കുന്ന ഉത്തരവിനെതിരെ വകുപ്പ് അപ്പീൽ ഫയൽ ചെയ്യുകയും ബന്ധപ്പെട്ട അധികാരി നികുതി ബാധ്യത വർദ്ധിപ്പിച്ചുകൊണ്ട് ഒരു ഉത്തരവ് പുറപ്പെടുവിക്കുകയും, അതിനിടയിൽ ശരിയായ ഉദ്യോഗസ്ഥൻ വകുപ്പ് 128 A പ്രകാരം ഫോം GSTSPL-05 ൽ ഒരു ഉത്തരവ് പുറപ്പെടുവിക്കുകയും, നികുതിദായകൻ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ നികുതി ബാധ്യതയുടെ പ്രസ്തുത അധിക തുക അടച്ചിട്ടില്ലെങ്കിൽ, വകുപ്പ് 128A പ്രകാരമുള്ള നടപടിക്രമങ്ങളുടെ സമാപനത്തിന്റെ സ്ഥിതി എന്തായിരിക്കും?**

Section 128A- യിലെ രണ്ടാമത്തെ വ്യവസ്ഥ പ്രകാരം, നടപടിക്രമങ്ങളുടെ സമാപനം, ആ ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ 3 മാസത്തിനുള്ളിൽ ആ വ്യക്തി അധിക നികുതി തുക അടയ്ക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായിരിക്കും. അതനുസരിച്ച്, GSTSPL-05 ഫോമിലോ GSTSPL-06 ഫോമിലോ ഉത്തരവ് പുറപ്പെടുവിക്കുകയാണെങ്കിൽ, അത്തരം നടപടിക്രമങ്ങളുടെ സമാപനം, നികുതിദായകൻ അത്തരം തീയതി മുതൽ 3 മാസത്തിനുള്ളിൽ അധിക നികുതി തുക അടയ്ക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായിരിക്കും. മാസത്തിനുള്ളിൽ പണമടച്ചില്ലെങ്കിൽ, Section 128A പ്രകാരമുള്ള പലിശയോ പിഴയോ ഒഴിവാക്കുന്നത് അസാധുവാകും.

**11) Section 128A(3) അപ്പീൽ അല്ലെങ്കിൽ റിട്ട് പെറ്റീഷനെ മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. എന്നിരുന്നാലും, അപേക്ഷകൻ ഒരു SLP ഫയൽ ചെയ്യുകയും അത് സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കുകയും ചെയ്യുമ്പോൾ എന്ത് നടപടിക്രമമാണ് പാലിക്കേണ്ടത്?**

ഈ സാഹചര്യത്തിൽ, അപേക്ഷകൻ പറഞ്ഞ പ്രത്യേക അവധി ഹർജി പിൻവലിക്കുകയും പിൻവലിക്കലിന്റെ തെളിവ് സഹിതം, കേസ് അനുസരിച്ച്, ഫോം GSTSPL-01 അല്ലെങ്കിൽ ഫോം GSTSPL-02 പ്രയോഗിക്കുകയും ചെയ്യും. അത്തരം സന്ദർഭങ്ങളിൽ, സർക്കുലറിന്റെ ഖണ്ഡിക 3.1.6ൽ പരാമർശിച്ചിരിക്കുന്ന നടപടിക്രമം പാലിക്കേണ്ടതാണ്.

**12) Section 128A പ്രകാരം നൽകിയിരിക്കുന്ന ആനുകൂല്യം IGST, നഷ്ടപരിഹാര സെസ്സ് എന്നിവ ഉൾപ്പെടുന്ന കാര്യങ്ങൾക്ക് ലഭ്യമാകുമോ?**

അതെ. IGST ആക്റ്റിലെ Section 20 ഉം GST (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) ആക്റ്റ്, 2017 ലെ Section 11 ഉം CGST ആക്റ്റിലെ Section 128A ഉം സംയുക്തമായി വായിക്കുമ്പോൾ, CGSTആക്റ്റിലെ Section 128A പ്രകാരം നൽകുന്ന ആനുകൂല്യം IGST, നഷ്ടപരിഹാര സെസ് എന്നിവ ഉൾപ്പെടുന്ന കാര്യങ്ങൾക്കും ലഭ്യമാകുമെന്ന് വ്യക്തമാക്കുന്നു.

അത്തരം സാഹചര്യങ്ങളിൽ, നികുതി പൂർണ്ണമായി അടയ്ക്കുക എന്നാൽ നോട്ടീസ്/സ്റ്റേറ്റ്മെന്റ്/ഓർഡറിൽ ആവശ്യപ്പെടുന്ന CGST, SGST, IGST, നഷ്ടപരിഹാര സെസ് എന്നിവ അടയ്ക്കുക എന്നാണ് അർത്ഥമാക്കുന്നത്.

**13) Section 128 A പ്രകാരമുള്ള ഇളവിന്റെ ആനുകൂല്യം 1962 ലെ കസ്റ്റംസ് ആക്ട് പ്രകാരം നൽകേണ്ട ഇറക്കുമതി IGST പ്രകാരമാണോ ലഭ്യമാകുക?**

അത്തരം സന്ദർഭങ്ങളിൽ, CGST ആക്ടിലെ Section 73 പ്രകാരം ഡിമാൻഡ് പുറപ്പെടുവിക്കുന്നില്ല, മറിച്ച് 1962 ലെ കസ്റ്റംസ് ആക്ട് വ്യവസ്ഥകൾ പ്രകാരമാണ് പുറപ്പെടുവിക്കുന്നത്. അതിനാൽ, അത്തരം കേസുകൾ Section 128A കീഴിൽ പലിശയോ പിഴയോ ഒഴിവാക്കുന്നതിനോ അല്ലെങ്കിൽ രണ്ടും ചെയ്യുന്നതിനോ സാധിക്കില്ല.

**14) Section 128 Aൽ ഇളവ് ലഭിക്കുന്നതിനുള്ള പണമടയ്ക്കൽ ഐടിസി ഉപയോഗിച്ച് നടത്താനാകുമോ?**

Section 128 A യുടെ ആനുകൂല്യം ക്ലെയിം ചെയ്യുന്നതിന് നികുതി ദായകൻ നോട്ടീസ് ഓർഡറിലോ സ്റ്റേറ്റ്മെന്റിലോ ആവശ്യപ്പെട്ട നികുതി തുക അടയ്ക്കേണ്ടതുണ്ട്. ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിൽ നിന്ന് ഡെബിറ്റ് ചെയ്തു കൊണ്ടോ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ഐടിസി) ഉപയോഗിച്ചോ അത്തരം നികുതി ഡിമാൻഡ് അടയ്ക്കാം. എന്നിരുന്നാലും, സ്വീകർത്താവ് ആർസിഎം പ്രകാരം അടയ്ക്കേണ്ട ഏതെങ്കിലും നികുതി തുകയെക്കുറിച്ചോ അല്ലെങ്കിൽ Section 9(5) പ്രകാരം ഇലക്ട്രോണിക് കൊമേഴ്സ് ഓപ്പറേറ്റർ അടയ്ക്കേണ്ട നികുതിയെക്കുറിച്ചോ ആണ് ഡിമാൻഡ് ഉള്ളതെങ്കിൽ, അത്തരം തുക ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിൽ നിന്ന് മാത്രം ഡെബിറ്റ് ചെയ്തു കൊണ്ട് അടയ്ക്കേണ്ടതാണ്, ഇലക്ട്രോണിക് ക്രെഡിറ്റ് ലെഡ്ജർ വഴിയല്ല. കൂടാതെ, പണമായി അടച്ച തെറ്റായ റീഫണ്ടുകൾക്കുള്ള ഡിമാൻഡ് ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിൽ നിന്ന് ഡെബിറ്റ് ചെയ്തുകൊണ്ട് മാത്രമേ നൽകാവൂ, ഇലക്ട്രോണിക് ക്രെഡിറ്റ് ലെഡ്ജർ വഴിയല്ല.

**15) CGST ആക്ടിലെ Section 16(5) അല്ലെങ്കിൽ (6) ന്റെ മുൻകാല ഉൾപ്പെടുത്തൽ നോട്ടീസ്/സ്റ്റേറ്റ്മെന്റ്/ഓർഡറിൽ ആവശ്യപ്പെടുന്ന നികുതി കുറയ്ക്കുന്നു. അത്തരമൊരു സാഹചര്യത്തിൽ, Section 128 A പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് നോട്ടീസ്/സ്റ്റേറ്റ്മെന്റ്/ഓർഡറിൽ ആവശ്യപ്പെടുന്ന മുഴുവൻ നികുതി തുകയും നൽകേണ്ടതുണ്ടോ?**

Section 16(5) അല്ലെങ്കിൽ (6) പ്രകാരം നൽകേണ്ടാത്ത തുക കുറച്ചതിനുശേഷം Section 128 A പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് നൽകേണ്ട തുക കണക്കാക്കണമെന്ന് റൂൾ 164(5) പറയുന്നു. അതിനാൽ, CGST നിയമത്തിലെ Section 16(5) അല്ലെങ്കിൽ 16(6) പ്രകാരം നൽകേണ്ട തുക കുറച്ചതിനുശേഷം നൽകേണ്ട തുക മാത്രമേ അപേക്ഷകൻ അടയ്ക്കേണ്ടതുള്ളൂ. Section 16(5) അല്ലെങ്കിൽ 16(6) പ്രകാരം കിഴിവ് ലഭിക്കുന്ന തുക കണക്കാക്കുമ്പോൾ, CGST നിയമത്തിലെ Section 16(4) ന്റെ ലംഘനം മാത്രം കാരണം ഐടിസി നിഷേധിക്കപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രമേ ആ തുക കുറയ്ക്കുന്നുള്ളൂ എന്ന് നികുതിദായകൻ ഉറപ്പാക്കേണ്ടതുണ്ട്, അല്ലാതെ മറ്റ് കാരണങ്ങളൊന്നുമില്ല. പേയ്മെന്റ് എളുപ്പത്തിൽ പരിശോധിക്കാൻ ഉദ്യോഗസ്ഥനെ പ്രാപ്തമാക്കുന്നതിന്, ഫോം GSTSPL-01 അല്ലെങ്കിൽ ഫോം GSTSPL-02 ൽ അയാൾ ഇനി അടയ്ക്കേണ്ട തുകയുടെ ഒരു വിഭജനം നൽകാനും നിർദ്ദേശിക്കുന്നു.

**16) ഫോം GSTSPL-02 ൽ അപേക്ഷ സമർപ്പിക്കുമ്പോൾ, അപേക്ഷകൻ ഫോം GST DRC-03 വഴി പൂർണ്ണമായോ ഭാഗികമായോ നികുതി അടച്ചിട്ടുണ്ടെങ്കിൽ, ഫോം GST DRC-07/ ഫോം GST DRC08 / ഫോം GST APL-04 പ്രകാരം നികുതി ഡിമാൻഡിൽ ക്രമീകരിക്കാൻ ആഗ്രഹിക്കുന്ന നികുതി തുകയ്ക്ക് ഫോം GST DRC-03 A നിർബന്ധമായും അപേക്ഷിക്കേണ്ടതുണ്ടോ?**

അതെ. ഫോം GST DRC-07, ഫോം GST DRC-08, അല്ലെങ്കിൽ ഫോം GST APL-04 എന്നിവയിൽ ഒരു ഓർഡർ പുറപ്പെടുവിച്ചിരിക്കുകയും അത്തരം നികുതിദായകൻ ഫോം GST DRC-03 വഴി ആവശ്യമായ തുക അടയ്ക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, ഫോം GSTSPL-02 പ്രയോഗിക്കുന്നതിന് മുമ്പ്, ചട്ടം 164 ലെ ഉപചട്ടം (2) ലെ രണ്ടാമത്തെ വ്യവസ്ഥ പ്രകാരം, ഇലക്ട്രോണിക് ബാധ്യതാ രജിസ്റ്ററിൽ സൃഷ്ടിച്ച ഡിമാൻഡിലേക്ക് പ്രസ്തുത തുക ക്രമീകരിക്കേണ്ടതുണ്ട്.■

**അസോസിയേഷന്റെ ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ ആണ് ലേഖകൻ**
**✆ 98462 27555, 79024 43188, 79070 00401**

KSSIA NEWS
MARCH 2025















# ലോകത്തിന് സ്വാഗതമരുളി
# സംരംഭക കേരളം



INVEST KERALA GLOBAL SUMMIT FEB 21-22, 2025 | KOCHI

സൂരജ് എസ്.

**ഓസ്ട്രേലിയ, ഫ്രാൻസ്, മലേഷ്യ, നോർവേ, വിയറ്റ്നാം തുടങ്ങിയ 5 രാജ്യങ്ങൾ നിക്ഷേപക സംഗമത്തിൽ പങ്കാളികളായി.**

കേരളത്തിലേയ്ക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കാനുള്ള ശ്രമങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യുന്നതിനായി 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചി ലുലു ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെൻററിൽ സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025 ലോകം വിരുന്നു വന്ന രണ്ടു ദിനങ്ങൾ കൂടിയായിരുന്നു.

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025 ൽ 22 രാജ്യങ്ങളിൽ നിന്നുള്ള അംബാസഡർമാർ/കോൺസൽ ജനറൽമാർ, ഔദ്യോഗിക പ്രതിനിധികൾ, വിദേശകാര്യ വക്താക്കൾ തുടങ്ങിയവർ പങ്കെടുത്തു. ഓസ്ട്രേലിയ, ഫ്രാൻസ്, മലേഷ്യ, നോർവേ, വിയറ്റ്നാം തുടങ്ങിയ 5 രാജ്യങ്ങൾ സംസ്ഥാനം ഉറ്റു നോക്കിയ നിക്ഷേപക സംഗമത്തിൽ പങ്കാളികളായി. വിവിധ നിക്ഷേപ മേഖലകളിൽ ഉഭയകക്ഷി സഹകരണത്തിൻറെ സാധ്യതകൾ തുറന്ന് ഇൻവെസ്റ്റ് കേരള ഉച്ചകോടിയിൽ പങ്കാളിത്ത രാജ്യങ്ങളുടെ പ്രത്യേക കൂടിക്കാഴ്ചകളും വ്യാപാര ചർച്ചകളും പ്രദർശനവും ഉണ്ടായിരുന്നു.

കൂടാതെ അൽബേനിയ, ബഹ്റൈൻ, ബംഗ്ലാദേശ്, ജർമ്മനി, ജപ്പാൻ, മൊറോക്കോ, നെതർലാൻഡ്സ്, റിപ്പബ്ലിക് ഓഫ് കൊറിയ, റഷ്യ, സിംഗപ്പൂർ, ശ്രീലങ്ക, ദക്ഷിണാഫ്രിക്ക, തായ്‌വാൻ, താജിക്കിസ്ഥാൻ, തായ്‌ലൻഡ്, യുണൈറ്റഡ് അറബ് എമിറേറ്റ്സ്, സിംബാബ്‌വെ എന്നീ രാജ്യങ്ങളും ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ പങ്കെടുത്തു.

വിയറ്റ്നാം, ജർമനി, മലേഷ്യ, ഓസ്ട്രേലിയ എന്നീ രാജ്യങ്ങളായിരുന്നു ഇൻവെസ്റ്റ് കേരള ഉച്ചകോടിയോടനുബന്ധമായി പ്രദർശനം ഒരുക്കിയിരുന്നത്. സന്ദർശകരെ പരമ്പരാഗത രീതിയിൽ ചായ നൽകി സ്വീകരിക്കുന്ന വിയറ്റ്നാം പവിലിയനിൽ ടിറങ് എന്ന മുളകൊണ്ടുള്ള സംഗീതോപകരണത്തിന്റെ പ്രദർശനം, ടി ഡാൻ ട്രാൻഹ്, ഡാൻ ബാവു തുടങ്ങിയ വീണകൾ എന്നിവ കാഴ്ചക്കാരെ ആകർഷിക്കുന്നതായിരുന്നു. കൂടാതെ കൺട്രി സെക്ഷനുകളിലെ വിവിധ വിഷയങ്ങളിന്മേലുള്ള അവതരണങ്ങളും ചർച്ചകളും നിക്ഷേപ സാധ്യതകളുടെ വലിയ വാതായനങ്ങൾ തുറന്നിടുന്നവയായിരുന്നു.



## സ്റ്റാർട്ടപ്പ്, ടെക്നോളജി മേഖലകളിൽ മികച്ച അവസരങ്ങൾ

**ഓസ്ട്രേലിയ**
**2025 ഫെബ്രുവരി 21**

നിലവിലെ ഇന്ത്യ-ഓസ്ട്രേലിയ വ്യാപാര, നിക്ഷേപ ബന്ധങ്ങളുടെ നേതൃത്വത്തിലുള്ള വിവിധ ഇടപെടലുകൾ എടുത്തുകാണിക്കുന്നതായിരുന്നു കൺട്രി സെക്ഷനിൽ ഓസ്ട്രേലിയയുമായുള്ള ചർച്ച. ഓസ്ട്രേലിയൻ കോൺസൽ ജനറലായ ശ്രീമതി സിലായ് സാക്കി ആയിരുന്നു കൺട്രി സെക്ഷനിൽ മോഡറേറ്റർ. ഹീറ്റ് & കൺട്രോൾ കൺട്രി ഹെഡ് മനോജ് പോൾ; മാറ്റർ സിറ്റിയിലെ സ്ട്രാറ്റജി ആൻഡ് കോർപ്പറേറ്റ് റിലേഷൻസ് ഹെഡ് റൈസ് മൗൾട്ട്; സൺപവർ റിന്യൂവബിൾസ് പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടർ സ്നേഹൽ ശർമ്മ; ലച്ച്മണ്ട്സ് ഗ്രൂപ്പിന്റെ മാനേജിംഗ് ഡയറക്ടർ ദീപക് എൽ അശ്വനി എന്നിവരുൾപ്പെടെ പ്രമുഖരായിരുന്നു സെക്ഷനിലെ പാനലിസ്റ്റുകൾ.

ഭക്ഷ്യ സംസ്കരണത്തിലും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കും വിവിധ രാജ്യങ്ങൾ ഉയർന്ന അന്താരാഷ്ട്ര വിപണി മൂല്യം വാഗ്ദാനം ചെയ്യുന്നുണ്ടെന്ന് ഓർമ്മപ്പെടുത്തിയ പാനലിസ്റ്റുകൾ ലിഥിയം-അയൺ ബാറ്ററി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി കൊണ്ടുള്ള സോളാർ ജനറേറ്ററുകൾക്ക് കേരളത്തിൽ നിക്ഷേപക സാധ്യതയുണ്ടെന്നും ചൂണ്ടിക്കാട്ടി. ചർച്ചയ്ക്കിടെ, ഭാവിയിൽ തിരുപ്പതി ക്ഷേത്രത്തിൽ ഭക്തർക്കായി ലഡ്ഡു നിർമ്മിക്കാൻ പൂർണ്ണമായും ഓട്ടോമേറ്റഡ് ഓസ്ട്രേലിയൻ യന്ത്രങ്ങൾ ഉപയോഗിക്കാമെന്ന പരാമർശം നിക്ഷേപത്തിന്റെ സാദ്ധ്യതകൾ എത്രമാത്രം പ്രയോജനപ്പെടുത്താൻ സന്നദ്ധമാണെന്ന് വിളിച്ചോതുന്നതായിരുന്നു.

സ്റ്റാർട്ടപ്പ്, ടെക്നോളജി മേഖലകളിൽ ഇന്ത്യക്കും ആസ്ട്രേലിയക്കും മികച്ച ഉഭയകക്ഷി നിക്ഷേപസാധ്യതയുണ്ടെന്നും സഹകരണ ശ്രമങ്ങളിലൂടെ സംരംഭകർക്ക് അവസരങ്ങൾ നൽകുന്നതിനുള്ള പ്രതിബദ്ധതയും പാനലിസ്റ്റുകൾ സദസ്സിന് ഉറപ്പ് നൽകി. കൂടാതെ, കെൽട്രോണും ഓസ്ട്രേലിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വർക്ക്-ഇന്റഗ്രേറ്റഡ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ചും (AIWER) തമ്മിൽ കരാറിലേർപ്പെടുകയും ചെയ്തു. വയോജന പരിചരണ, നഴ്സിംഗ് മേഖലകളിലെ വൈദഗ്ധ്യമുള്ള ജീവനക്കാരുടെ വിടവ് പരിഹരിക്കുന്നതിനായി കെഡിസ്കും നോർക്ക റൂട്ട്സും തമ്മിൽ മറ്റൊരു ധാരണാപത്രം ഒപ്പുവക്കുകയും ചെയ്തു.



## സമഗ്രമായ ഉഭയകക്ഷി സാധ്യതകളൊരുക്കി വിയറ്റ്നാം

**വിയറ്റ്നാം**
**2025 ഫെബ്രുവരി 21**

ഉഭയകക്ഷി വ്യാപാര ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിലും വ്യാപാരം, സാങ്കേതികവിദ്യ, ടൂറിസം തുടങ്ങിയ പ്രധാന മേഖലകളിലെ സഹകരണം വളർത്തിയെടുക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതായിരുന്നു വിയറ്റ്നാം - കേരള ബിസിനസ് മീറ്റ്.

ഇന്ത്യയിലെ വിയറ്റ്നാം അംബാസഡർ നുയെൻ താൻ ഹായ്; ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി, പരിസ്ഥിതി വകുപ്പ് സെക്രട്ടറി ഡോ. രത്തൻ യു കേൽക്കർ; FICCI ചെയർമാനും ടൂറിസം സബ് കമ്മിറ്റി ചെയർമാനും സോമതീരം റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് ആയുർവേദ ഹോസ്പിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ബേബി മാത്യു തുടങ്ങിയവർ കൺട്രി സെക്ഷനിൽ പങ്കെടുത്തു. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പോളിസി ആൻഡ് മാനേജ്മെന്റിന്റെ ഡയറക്ടർ ജനറൽ ഡോ ഹുവോങ് ലാൻ, വിയറ്റ്നാം സ്റ്റാർട്ടപ്പ് കൗൺസിൽ ചെയർമാൻ ചു ക്വാങ് തായ്; ലായ് ചൗ പ്രവിശ്യയിലെ വ്യവസായ, വ്യാപാര വകുപ്പിന്റെ ഡയറക്ടർ ജനറൽ വൂങ് ദി മാൻ, വിയറ്റ്ജെറ്റ് എയർ വൈസ് പ്രസിഡന്റ് താ ഹു തൻ, വീട്രാവൽ ഇന്ത്യ ഡയറക്ടർ അലക്സ് എൻഗായ് ഹോങ് എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു.

വിയറ്റ്നാമും ഇന്ത്യയും തമ്മിലുള്ള കയറ്റുമതി സംവിധാനത്തെക്കുറിച്ചും ഫാർമസ്യൂട്ടിക്കൽസ്, ഓട്ടോമൊബൈലുകൾ, വസ്ത്രങ്ങൾ, മറ്റ് സാധനങ്ങൾ എന്നിവയുടെ കൈമാറ്റം എടുത്തുകാട്ടിയും തങ്ങളുടെ ഉഭയകക്ഷി

ബന്ധത്തിന്റെ പ്രാധാന്യവും കേരളത്തിൽ നിക്ഷേപിക്കാനുള്ള വിയറ്റ്നാമിന്റെ സന്നദ്ധതയും ചർച്ചയിൽ പ്രതിനിധികൾ ഊന്നിപ്പറഞ്ഞു.

ഇന്ത്യയും വിയറ്റ്നാമും തമ്മിലുള്ള നിലവിലുള്ള വ്യാപാരം 15 മില്യൺ ഡോളർ മൂല്യമുള്ളതാണെന്നും വ്യാപാരം, സാങ്കേതികവിദ്യ, ടൂറിസം എന്നിവയിലുടനീളം ബിസിനസ് അവസരങ്ങൾ വികസിപ്പിക്കാനുള്ള സാധ്യതയുണ്ടെന്നും യോഗം എടുത്തുകാട്ടി. സാമ്പത്തിക ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും പരസ്പര വളർച്ചയ്ക്കുള്ള പുതിയ വഴികൾ കണ്ടെത്തുന്നതിനുമുള്ള ഇരു മേഖലകളുടെയും പ്രതിബദ്ധത ചർച്ചയിലൂടെ ശക്തിപ്പെടുത്തി.



## സുസ്ഥിര സാമ്പത്തിക വളർച്ചയ്ക്ക് അടിത്തറയൊരുക്കും

**നോർവേ**
**2025 ഫെബ്രുവരി 21**

നോർവേയും ഇന്ത്യയും തമ്മിലുള്ള ദീർഘകാല ബന്ധത്തെ ഊന്നിപ്പറയുന്നതായിരുന്നു കൺട്രി സെക്ഷനിൽ നോർവീജിയൻ പ്രതിനിധികളുമായുള്ള ചർച്ച. ബഹു. കേരള നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി പി. രാജീവ് സന്നിഹിതനായിരുന്ന നോർവേ സെക്ഷനിൽ, നോർവീജിയൻ അംബാസഡർ ശ്രീമതി മെയ്-എലിൻ സ്റ്റെനർ; നോർവേയിലെ ഇന്നൊവേഷൻ കൺട്രി ഡയറക്ടറും കൊമേഴ്സ്യൽ കൗൺസിലറുമായ ക്രിസ്റ്റ്യൻ കാർട്ടർ; കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിന്റെ ചെയർമാൻ മധു നായർ; മാരിനോർ ഇന്ത്യയുടെ സി.ഇ.ഒ. ഉദയ് നാട്ടു, ഡി.എൻ.വി. ബിൽഡിംഗ് മാനേജർ ഇയാൻ ലൂയിസ് തുടങ്ങിയവർ പങ്കെടുത്തു.

സുസ്ഥിര സാമ്പത്തിക വളർച്ചയ്ക്കുള്ള പ്രതിബദ്ധത ശക്തിപ്പെടുത്തുന്ന ഇന്ത്യയുടെ സമുദ്രമേഖലയ്ക്ക് നോർവേ നൽകിയ സംഭാവനകളെക്കുറിച്ച് പരാമർശിക്കപ്പെട്ട ചർച്ചയിൽ അഭിവൃദ്ധി പ്രാപിക്കുന്ന ഒരു ബിസിനസ് കേന്ദ്രമെന്ന നിലയിൽ കേരളത്തിന്റെ സാധ്യതകളും ചൂണ്ടികാട്ടപ്പെട്ടു. 'മെയ്ഡ് ഇൻ ഇന്ത്യ', 'മെയ്ഡ് ഇൻ കേരള' എന്നീ സംരംഭങ്ങളുടെ ഭാഗമായുള്ള 'വിക്രാന്ത്' എന്ന ഉൽപ്പന്നത്തെ ബഹു. കേരള നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി പി. രാജീവ് പ്രശംസിച്ചു. പരിസ്ഥിതി സൗഹൃദ വ്യവസായങ്ങളിൽ കേരളം ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനെ എടുത്തുകാട്ടിയ ബഹു. മന്ത്രി 'പ്രകൃതി, ജനങ്ങൾ, വ്യവസായം' എന്ന സംസ്ഥാനത്തിന്റെ മുദ്രാവാക്യത്തെ ഊന്നിപ്പറയുകയും ചെയ്തു. ലോകത്തിലെ ആദ്യത്തെ പൂർണ്ണമായും സൗരോർജ്ജ വിമാനത്താവളമായി നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തെ പരാമർശിച്ച അദ്ദേഹം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നോർവേയുമായി കൂടുതൽ സഹകരണം പ്രതീക്ഷിക്കുന്നതായും പറഞ്ഞു. ലോകത്തിന്റെ ഇവി തലസ്ഥാനമായി മാറാൻ ലക്ഷ്യമിടുന്ന നോർവേക്കൊപ്പം സമുദ്രോത്പന്ന വ്യാപാരം, കൃഷി, ഓട്ടോമേറ്റഡ് നിർമ്മാണം, സമ്പദ്‌വ്യവസ്ഥയിലെ പുരോഗതി എന്നിവയുമായുള്ള സഹകരണവും ചർച്ച ചെയ്തു.

ഇന്ത്യയിൽ സമുദ്ര മേഖലയിൽ പ്രധാനമായും സമുദ്ര വ്യവസായങ്ങൾ, സമുദ്ര ധാതുക്കൾ, സമുദ്ര മലിനീകരണ നിയന്ത്രണം എന്നിവയിലും ഊർജ്ജ മേഖലയിൽ, എണ്ണ, വാതകം, പുനരുപയോഗ ഊർജ്ജം, ഹൈഡ്രജൻ എന്നിവയിലുമാണ് നോർവേ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. പരിസ്ഥിതി, ഗ്രീൻടെക് മേഖലയിൽ മാലിന്യ സംസ്കരണം, മലിനജല സംസ്കരണം, സ്മാർട്ട് ഗ്രിഡുകൾ, ഗ്രീൻ മൊബിലിറ്റി എന്നിവയും ഉൾപ്പെടുന്നു. മെഡ്ടെക്, ടണലിംഗ്, ഇൻഫ്രാസ്ട്രക്ചർ, പ്രതിരോധം എന്നിവയാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്ന മറ്റു മേഖലകൾ.

സംസ്ഥാനത്തിന്റെ ശക്തമായ വിദ്യാഭ്യാസ സമ്പ്രദായം, പരിചയസമ്പന്നരായ തൊഴിൽ ശക്തി, അഭിവൃദ്ധി പ്രാപിക്കുന്ന എംഎസ്എംഇ അടിസ്ഥാന സൗകര്യ മേഖല എന്നിവ പ്രധാന നേട്ടങ്ങളായി ഉയർത്തിക്കാട്ടപ്പെട്ട സെക്ഷനിൽ കൂടുതൽ ചർച്ചകൾ സാധ്യമാക്കുന്നതിനായി സെപ്റ്റംബറിൽ ന്യൂഡൽഹിയിൽ ഒരു സെമിനാർ നടക്കും.

## വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലൂടെ നൂതനാശയങ്ങൾ പിന്തുടരണം

**ഫ്രാൻസ്**
**2025 ഫെബ്രുവരി 22**

ചരിത്രപരമായ ബന്ധങ്ങൾ, പരസ്പര താൽപ്പര്യങ്ങൾ, തന്ത്രപരമായ സഹകരണം എന്നിവയിൽ അധിഷ്ഠിതമായ ഇന്ത്യയും ഫ്രാൻസും തമ്മിലുള്ള ശക്തമായ നയതന്ത്ര ബന്ധത്തെ ഊട്ടി ഉറപ്പിക്കുന്നതായിരുന്നു രണ്ടാം ദിനത്തിലെ കൺട്രി സെക്ഷനിൽ ഫ്രാൻസുമായുള്ള ചർച്ച.



ഉയർന്ന നിലവാരവും  ഏവർക്കും ലഭ്യമാകുന്നതുമായ കേരളത്തിലെ ആരോഗ്യ സംരക്ഷണ മേഖലയും പരിസ്ഥിതി സംരക്ഷണത്തിനും ഊർജ്ജ കാര്യക്ഷമതയ്ക്കുമുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധതയും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ കാര്യക്ഷമമായ ഉപയോഗവും ഉയർന്ന സാക്ഷരതാ നിരക്കും വ്യവസായ പുരോഗമന നയങ്ങളും കേരളത്തെ  വേറിട്ട് നിർത്തുന്നു എന്നതായിരുന്നു ചർച്ചയിലെ പ്രധാന കണ്ടെത്തൽ.

കേരളത്തോടുള്ള ഫ്രാൻസിന്റെ താൽപ്പര്യം സംസ്ഥാനത്തിന്റെ വൈവിധ്യം, ഉന്നത വിദ്യാഭ്യാസ നിലവാരം, സാങ്കേതിക വൈദഗ്ധ്യം എന്നിവയിൽ നിന്നാണെന്ന് ആയിരുന്നു പുതുച്ചേരിയിലെയും ചെന്നൈയിലെയും ഫ്രാൻസിന്റെ കോൺസൽ ജനറലായ എറ്റിയെൻ റോളണ്ട്-പീഗ് അഭിപ്രായപ്പെട്ടത്. ഫ്രഞ്ച് സാഹിത്യത്തിന്റെയും കേരള സാഹിത്യോത്സവത്തിലെ പങ്കാളികളുടെ സാന്നിധ്യവും രണ്ട് പ്രദേശങ്ങളും തമ്മിലുള്ള സാംസ്കാരിക ബന്ധത്തെ  കൂട്ടിയിണക്കുന്നതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.




നിലവിൽ, വിവിധ മേഖലകളിൽ സംഭാവന നൽകുന്ന 750-ലധികം ഫ്രഞ്ച് കമ്പനികൾ ഇന്ത്യയിൽ പ്രവർത്തിക്കുന്നുണ്ട്.  സാങ്കേതികവിദ്യയിലും സുസ്ഥിര വികസനത്തിലും സഹകരണം വളർത്തിയെടുക്കാൻ ലക്ഷ്യമിട്ട്, 2026 ഇന്തോ-ഫ്രഞ്ച് നവീകരണ വർഷമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഫ്രാൻസും കേരളവും തമ്മിലുള്ള  സാമ്പത്തിക ബന്ധം ശക്തിപ്പെടുത്തുന്നതിനായി, ഫ്രഞ്ച് ഷിപ്പിംഗ് കമ്പനിയായ സിഎംഎ സിജിഎം കേരളത്തിൽ നിന്നുള്ള സമുദ്ര കയറ്റുമതിയിൽ സജീവമാണ്.

വ്യവസായങ്ങളെ ബാധിക്കുന്ന രാഷ്ട്രീയ അനിശ്ചിതത്വങ്ങൾക്കിടയിൽ, സുസ്ഥിര വികസനത്തിനും സമ്പദ്‌വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള സഹകരണ ശ്രമങ്ങൾ ഉണ്ടാകണമെന്നും  കേരളത്തിന്റെ അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലൂടെ  നൂതനാശയങ്ങൾ പിന്തുടരാൻ സംസ്ഥാനത്തെ പ്രോത്സാഹിപ്പിക്കണമെന്നും അതിനായി കൂടുതൽ വിനിമയവും സഹകരണവും സാധ്യമാക്കുന്നതിന് ഫ്രാൻസ് വാഗ്ദാനം ചെയ്യുന്ന വിസ പദ്ധതികൾ കേരളം പ്രയോജനപ്പെടുത്തണമെന്നും ചർച്ചയിൽ അഭിപ്രായങ്ങൾ ഉണ്ടായി.

സാമ്പത്തിക നയതന്ത്ര ഉദ്യോഗസ്ഥനായ കാൾ ബൗലാഞ്ചർ; ലിങ്ക് ഇന്നൊവേഷൻസിലെ ബിസിനസ് കൺസൾട്ടിംഗ് ഡയറക്ടർ ശ്രീമതി പ്രതീക്ഷ എ കെ; മാനെകാൻകോറിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറും സിഇഒയുമായ ഡോ. ഗീമോൻ കോറ; ടി.എൻ.പി. കൺസൾട്ടന്റ്സിന്റെ പങ്കാളിയായ മാത്യു ലെബ്യൂറെ; കാമ്പസ് ഫ്രാൻസിലെ ശബരി കിഷോർ തുടങ്ങിയവർ പങ്കെടുത്ത ചർച്ചയിൽ ആഗോള സുഗന്ധവ്യഞ്ജന കേന്ദ്രമെന്ന നിലയിൽ  കേരളത്തിന്റെ വിശാലമായ സാധ്യതകളെക്കുറിച്ചു നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു. കൂടാതെ ശക്തമായ ഉഭയകക്ഷി ബന്ധങ്ങൾ വളർത്തിയെടുത്തു  ബിസിനസ്സ് വിപുലീകരണത്തിനും സഹകരണത്തിനും വഴിയൊരുക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയും ചർച്ച ചെയ്യപ്പെട്ടു.




## ഏറ്റവും വലിയ വാണിജ്യ സാധ്യത ടൂറിസത്തിലാണ്

**മലേഷ്യ**
**2025 ഫെബ്രുവരി 22**

ഇന്ത്യയുടെ 16-ാമത്തെ വലിയ വ്യാപാര പങ്കാളിയാണ് മലേഷ്യ, അതേസമയം മലേഷ്യയുടെ മൂന്നാമത്തെ വലിയ വ്യാപാര പങ്കാളി എന്ന സ്ഥാനം ഇന്ത്യക്കാണ്. റബ്ബർ, ഫാർമസ്യൂട്ടിക്കൽസ് തുടങ്ങിയ മേഖലകളിൽ കേരളവും നിർണായക പങ്ക് വഹിക്കുന്നതിനാൽ, സാമ്പത്തിക സഹകരണം വളർത്തിയെടുക്കുന്നതിനായുള്ള സമഗ്രവും ആശാവഹവുമായ ചർച്ച ആയിരുന്നു രണ്ടാം ദിനത്തിൽ കൺട്രി സെക്ഷനിൽ മലേഷ്യയുമായുള്ള ചർച്ച.













ബഹു. കേരള ടൂറിസം മന്ത്രി മുഹമ്മദ് റിയാസ് സന്നിഹിതനായിരുന്ന മലേഷ്യ സെക്ഷനിൽ കെആർഎൽ ചെയർപേഴ്സണും മാനേജിംഗ് ഡയറക്ടറുമായ ശ്രീമതി ഷീല തോമസ് ഐഎഎസ് (റിട്ട.); മലേഷ്യൻ കോൺസൽ ജനറൽ ശരവണ കുമാർ കുമാരവാസകം; മലേഷ്യൻ വ്യാപാര കമ്മീഷണറായ വാൻ അഹമ്മദ് തർമിസി വാൻ ഇദ്രിസ്; മലേഷ്യ ഇൻവെസ്റ്റ്മെന്റ് ഡെവലപ്മെന്റ് അതോറിറ്റി (MIDA) ഡയറക്ടർ ഷമ്രി ഹിദായത്ത് അബ്ദുൾ സുക്കൂർ എന്നിവരും  പങ്കെടുത്തു.

കേരളത്തിലെ മലബാർ മേഖലയിൽ നിന്ന് മലേഷ്യയിലേക്കുള്ള കുടിയേറ്റത്തിന്റെ നീണ്ട ചരിത്രത്തെക്കുറിച്ചും മലബാർ പൊറോട്ട, കാപ്പി, ചായ തുടങ്ങിയ വിഭവങ്ങൾ ജനപ്രിയ പ്രഭാതഭക്ഷണങ്ങളാണെന്നും ഇത് മലേഷ്യൻ പാചകരീതിയെ എങ്ങനെ സ്വാധീനിച്ചുവെന്നതിനെക്കുറിച്ചും സരസമായ ചർച്ചകൾ ഉണ്ടായി.

ടൂറിസം തന്നെയാണ് മലേഷ്യയും കേരളവും ഒരുപോലെ ലക്ഷ്യമിടുന്ന സുപ്രധാന ശ്രദ്ധാകേന്ദ്രം. ഇന്ത്യൻ പൗരന്മാർക്ക്  മലേഷ്യ അനുവദിച്ച വിസരഹിത യാത്രയും 30 ദിവസത്തെ വിസരഹിത താമസവും - അതുപോലെ, ഇന്ത്യ മലേഷ്യൻ പൗരന്മാർക്ക്  അനുവദിച്ച വിസരഹിത യാത്രയും ടൂറിസം മേഖലയുടെ വളർച്ചയെ മുൻ നിർത്തിയുള്ളതാണ്. ഈ സാഹചര്യത്തിൽ കേരളത്തിന്റെ ടൂറിസം സാധ്യതകളെയും നിക്ഷേപക അവസരങ്ങളെയും ബഹു. കേരള ടൂറിസം മന്ത്രി മുഹമ്മദ് റിയാസ് ചൂണ്ടിക്കാട്ടി. കേരളവും മലേഷ്യയും തമ്മിലുള്ള ഏറ്റവും വലിയ വാണിജ്യ സാധ്യത ടൂറിസത്തിലാണ്. കേരളത്തിൽ നിന്നും നിരവധി ടൂറിസ്റ്റുകൾ മലേഷ്യ സന്ദർശിക്കുന്നുണ്ട്. ആഡംബര ഇക്കോ-ഹോട്ടലുകൾ മുതൽ സാഹസിക കായിക വിനോദങ്ങൾ വരെയുള്ള വിവിധ നിക്ഷേപ അവസരങ്ങൾ അവതരിപ്പിച്ച 2023 ടൂറിസം നിക്ഷേപ മീറ്റിനെക്കുറിച്ച് ഓർമിപ്പിച്ച അദ്ദേഹം 2030 ആകുമ്പോഴേക്കും സമ്പദ്വ്യവസ്ഥയിൽ ടൂറിസം മേഖലയുടെ സംഭാവന ഇരട്ടിയാക്കാനുള്ള പദ്ധതികളും അവതരിപ്പിച്ചു.

**കെ-ബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ് ലേഖകൻ**

**കേ**രളവുമായി ഉഭയകക്ഷി സഹകരണം ശക്തമാക്കുന്നതായിരുന്നു ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലെ പങ്കാളിത്ത രാജ്യങ്ങളുടെ സാന്നിധ്യം. സംസ്ഥാന ചരിത്രത്തിലെ ഏറ്റവും വലിയ നിക്ഷേപക മുന്നേറ്റത്തിന് സാക്ഷ്യം വഹിച്ച രണ്ടു ദിനങ്ങളിലൂടെ നിക്ഷേപക സൗഹൃദഘടന ശക്തിപ്പെടുത്തി ആഗോള നിക്ഷേപകരെ കേരളത്തിന്റെ നിക്ഷേപ സാധ്യതകൾ പര്യവേഷണം ചെയ്യുന്നതിന് ഉതകുന്നതായിരുന്നു ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്. അടിസ്ഥാന സൗകര്യം, വിദ്യാഭ്യാസം, നൈപുണ്യമേഖല, ടൂറിസം, സ്റ്റാർട്ടപ്പ്, ടെക്നോളജി തുടങ്ങി കേരളത്തിൻറെ വിവിധ നിക്ഷേപ മേഖലകളിൽ ഉഭയകക്ഷി സഹകരണത്തിൻറെ സാധ്യതകൾ ഇൻവെസ്റ്റ് കേരള നിക്ഷേപക സംഗമത്തിലൂടെ തുറന്ന് കിട്ടുകയുണ്ടായി.  ഇൻവെസ്റ്റ് കേരളയിൽ പങ്കാളികളായും പങ്കെടുത്തും സാന്നിധ്യമറിയിച്ച 22 രാജ്യങ്ങളുടെയും വാണിജ്യം, ടൂറിസം, ഷിപ്പിംഗ്, കൃഷി, ഭക്ഷ്യസംസ്കരണം, കല, സംസ്കാരം തുടങ്ങി പരസ്പര സഹകരണ സാധ്യതയുള്ള എല്ലാ മേഖലകളെയും പരിഗണിച്ചു കൊണ്ട് സുസ്ഥിര വികസന ആശയത്തിലധിഷ്ഠിതമായ മികച്ച പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുവാൻ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് കർമോത്സുകരാണ്.

INVEST KERALA GLOBAL SUMMIT

## ലോക ശ്രദ്ധനേടി ഐകെജിഎസ് 2025

# ആഗോള നിക്ഷേപക ഭൂപടത്തിൽ കേരളം തിളങ്ങി



എസ്. ഹരികിഷോർ IAS

കേരളത്തിലെ വ്യവസായ നിക്ഷേപ അന്തരീക്ഷത്തിന്റെ വളർച്ച ലക്ഷ്യമിട്ട 'ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമം', വികസിത കേരളത്തിന്റെ മുന്നോട്ടുള്ള പാതയിൽ സ്വർണ്ണ ലിപികളാൽ എഴുതിച്ചേർത്ത ചരിത്ര നിമിഷങ്ങൾക്ക് സാക്ഷ്യം വഹിച്ചു. കേരളത്തിൽ സൃഷ്ടിക്കപ്പെട്ട നിക്ഷേപ അനുകൂല സാഹചര്യങ്ങൾ ലോകത്തിനു മുന്നിൽ തെളിമയോടെ അവതരിപ്പിക്കാൻ നിക്ഷേപക സംഗമത്തിനായി. വ്യാവസായിക സമൂഹത്തിന് കൂടുതൽ ആത്മവിശ്വാസം നൽകാനും സംസ്ഥാനത്ത് കൂടുതൽ നിക്ഷേപവും തൊഴിലവസരവും സൃഷ്ടിക്കുന്നതിനുള്ള സാധ്യതകൾ ഒരുക്കുന്നതിനും സംഗമം വഴിയൊരുക്കി. സംരംഭകരിൽനിന്ന് ലഭിച്ച മികച്ച നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പ്രതികരണങ്ങളും സംസ്ഥാനത്തിന്റെ വികസനം, ക്ഷേമം, വളർച്ച, പുരോഗതി എന്നിവ മികവുറ്റതാക്കാൻ പര്യാപ്തവുമാണ്.

സംസ്ഥാനത്തിന്റെ വികസന രംഗത്ത് ഐക്യത്തിന്റെ പുതിയ തുടക്കമായി നിക്ഷേപക സംഗമം മാറിയപ്പോൾ വ്യാവസായിക അന്തരീക്ഷത്തെ ശക്തിപ്പെടുത്താനുള്ള കേരളത്തിന്റെ പ്രതിബദ്ധതയാണ് അനാവരണം ചെയ്യപ്പെട്ടത്. കേരളത്തിൽ സംഘടിപ്പിക്കപ്പെട്ടതിൽ വെച്ച് ഏറ്റവും വലിയ നിക്ഷേപക സംഗമത്തിനാണ് കൊച്ചി സാക്ഷിയായത്. നിക്ഷേപകർ, സംരംഭകർ, മാധ്യമങ്ങൾ, പൊതുജനങ്ങൾ തുടങ്ങിയവരിൽ നിന്ന് ലഭിച്ച മികച്ച പിന്തുണ സംഗമത്തിന്റെ വിജയത്തിന് കൂടുതൽ തിളക്കം നൽകി.

വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനും (കെ.എസ്.ഐ.ഡി.സി.), സി.ഐ.ഐ.യും ചേർന്ന് നടത്തിയ ദ്വിദിന സംഗമം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. കൊച്ചിയിലെ ലുലു ഗ്രാന്റ് ഹയാത്ത് ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ വെച്ച് നടന്ന ഉദ്ഘാടന ചടങ്ങിൽ വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രി പി. രാജീവ് അധ്യക്ഷനായി. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ, നൈപുണ്യ വികസന സംരംഭകത്വ സഹമന്ത്രി ജയന്ത് ചൗധരി, യു.എ.ഇ. സാമ്പത്തിക മന്ത്രി അബ്ദുള്ള ബിൻ തൗഖ് അൽ മാരി, ബഹറിൻ വ്യവസായ കൊമേഴ്സ് മന്ത്രി അബ്ദുല്ല ബിൻ ആദിൽ ഫഖ്രോ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു. കേന്ദ്ര റോഡ് ഗതാഗത, ഹൈവേ മന്ത്രി നിതിൻ ഗഡ്കരി ഉദ്ഘാടന വേളയിൽ ഓൺലൈനായി സദസ്സിനെ അഭിസംബോധന ചെയ്തു. വിദേശരാജ്യങ്ങളിൽ നിന്നെത്തിയ നേതാക്കളും വ്യവസായ പ്രമുഖരും ഉൾപ്പടെ നാലായിരത്തിലേറെ പ്രതിനിധികളാണ് രണ്ട് ദിവസത്തെ സംഗമത്തിൽ പങ്കെടുത്തത്.

സംസ്ഥാനത്തിന്റെ വ്യാവസായിക അന്തരീക്ഷം ലോകത്തിന് പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ രണ്ട് വർഷം നീണ്ട മുന്നൊരുക്കങ്ങളാണ് ആഗോള നിക്ഷേപക സംഗമത്തിന് മുന്നോടിയായി വ്യവസായ വകുപ്പ് നടത്തിയത്. സംഗമത്തിന് വിവിധ രംഗത്തുനിന്നുള്ള പിന്തുണ ഉറപ്പിക്കുന്നതിനായി സംസ്ഥാനത്തിനകത്തും രാജ്യത്തെ വിവിധ നഗരങ്ങളിലും രാജ്യത്തിന് പുറത്തും നിരവധി പരിപാടികൾ സംഘടിപ്പിച്ചു. ജെൻ എ.ഐ., റോബോട്ടിക്സ്, വിഴിഞ്ഞം തുറമുഖം, ഓട്ടോമോട്ടീവ് ടെക്നോളജി, ലോജിസ്റ്റിക്സ്, ഹൈടെക് ഫാമിംഗ്, ടൂറിസം എന്നിങ്ങനെ പല മേഖലകളിലും 45 ലധികം കോൺ ക്ലേവുകളും സെക്ടർ അടിസ്ഥാനത്തിലുള്ള മീറ്റിംഗുകളും നടത്തി. തുടർന്ന് ചെന്നൈ, മുംബൈ, ഡൽഹി, ബംഗളൂരു, ദുബായ് എന്നിവിടങ്ങളിൽ റോഡ് ഷോകളും 36 രാജ്യങ്ങളുടെ നയതന്ത്ര പ്രതിനിധികളു



മായി ഡൽഹിയിൽ മീറ്റിംഗുകളും നടത്തി. സ്വിറ്റ്സർലൻഡിലെ ദാവോസിലെ വേൾഡ് ഇക്കണോമിക്ക് ഫോറത്തിൽ ആദ്യമായി കേരളത്തിന്റെ പവലിയൻ വഴി ബിടുബി (ബിസിനസ് ടു ബിസിനസ്) മീറ്റിംഗുകൾ നടത്തി. കൂടാതെ എക്സ്പോർട്ട് പ്രൊമോഷൻ നയം രൂപീകരിക്കുകയും ചെയ്തു. ലോജിസ്റ്റിക് നയം, ഇഎസ്ജി നയം തുടങ്ങിയവ പ്രസിദ്ധീകരിക്കുന്നതിന്റെ അന്തിമ ഘട്ടത്തിലുമാണ്.

400-ലധികം കമ്പനികളിൽ നിന്നായി 1,65,000 കോടിക്കുമുകളിൽ നിക്ഷേപ വാഗ്ദാനമാണ് സംസ്ഥാനത്തിന് സംഗമത്തിലൂടെ ലഭിച്ചത്. 9,300കോടി രൂപയുടെ അധിക നിക്ഷേപത്തിലൂടെ സംസ്ഥാനത്തെ പ്രവർത്തനം വിപുലീകരിക്കാൻ 29 ഐ.ടി. കമ്പനികൾ താത്പര്യം പ്രകടിപ്പിക്കുകയും ചെയ്തു. കേരളത്തിൽ നിക്ഷേപത്തിന് താത്പര്യം പ്രകടിപ്പിച്ചവരുടെ പട്ടികയിൽ സംസ്ഥാനത്തോടുള്ള നിക്ഷേപകരുടെ നിലപാടുമാറ്റമാണ് പ്രതിഫലിച്ചത്. ഇതിൽ സംസ്ഥാനത്തോടുള്ള നിക്ഷേപകരുടെ മനോഭാവത്തിൽ വന്ന മാറ്റവും പ്രകടമാണ്.

സംഗമത്തിന്റെ ഭാഗമായി 30-ഓളം സെഷനുകളിൽ പാനൽ ചർച്ചകൾ നടന്നു. ചർച്ചകളിൽ പങ്കെടുത്ത വിദഗ്ധർ കേരളത്തിന്റെ നിക്ഷേപ ഭാവിയിൽ പ്രത്യാശ പ്രകടിപ്പിച്ചു. മാലിന്യ സംസ്കരണം, അടിസ്ഥാന സൗകര്യ വികസനം, ഡിജിറ്റലൈസേഷൻ എന്നിവയിലൂന്നിയ കേരളമാണ് സംരംഭകത്വത്തിന് ആവശ്യമെന്നും ഇതിനായി സർക്കാർ മികച്ച നിയമങ്ങളും ചട്ടങ്ങളും സൃഷ്ടിക്കണമെന്ന നിർദ്ദേശവും ചർച്ചകളിൽ നിന്ന് ഉയർന്നു. കേരളത്തിന്റെ മാറുന്ന വ്യാവസായിക അന്തരീക്ഷത്തിന്റെ നേർക്കാഴ്ചയായി വ്യവസായ പ്രദർശനവും നിക്ഷേപക സംഗമത്തിന്റെ ഭാഗമായി നടന്നു. ആകെ 110 പ്രദർശന സ്റ്റാളുകളാണ് ഒരുക്കിയത്. കേരളത്തിന്റെ വ്യവസായരംഗത്തെ 22 മുൻഗണനാ മേഖലകളെ പ്രത്യേകം എടുത്തുകാട്ടുന്ന വൈവിധ്യ മാർന്ന പ്രദർശനം ശ്രദ്ധേയമായി.

ജർമനി, വിയറ്റ്നാം, നോർവേ, ഓസ്ട്രേലിയ, മലേഷ്യ, ഫ്രാൻസ് എന്നീ രാജ്യങ്ങൾ സംഗമത്തിൽ പങ്കാളികളായി. ഉഭയകക്ഷി സഹകരണം ശക്തമാക്കി ഈ രാജ്യങ്ങൾ ഒരുക്കിയ പവലിയൻ നവ്യാനുഭവം സമ്മാനിച്ചു. ഓരോ രാജ്യത്തിന്റെയും പ്രതിനിധികളുടെ അവതരണവും



വിദേശ പ്രതിനിധികളുമായി പ്രത്യേക കൂടിക്കാഴ്ചകളും നടന്നു. എഐ ആൻഡ് റോബോട്ടിക്സ്, എയ്റോസ്പേസ് ആൻഡ് ഡിഫൻസ്, ലോജിസ്റ്റിക്സ്, മാരിടൈം ആൻഡ് പാക്കേജിങ്, ഫാർമ മെഡിക്കൽ ഉപകരണങ്ങൾ, ബയോടെക്, പുനരുപയോഗ ഊർജം, ആയുർവേദം, ഫുഡ്ടെക്, മൂല്യവർധിത റബർ ഉൽപന്നങ്ങൾ, ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി, മാലിന്യ സംസ്കരണം എന്നിവയാണ് സംഗമത്തിൽ പ്രത്യേക ശ്രദ്ധ നൽകിയ മേഖലകൾ.

കേരളത്തിലെ പുതിയ സാഹചര്യം നിക്ഷേപകരിൽ ആത്മവിശ്വാസവും പ്രതീക്ഷയും നൽകുന്നു. നിക്ഷേപകരിൽ നിന്നു ലഭിച്ച താത്പര്യപത്രങ്ങൾ ഇതിനുള്ള തെളിവുകളാണ്. നിക്ഷേപകർ ഒപ്പുവെച്ച താൽപര്യപത്രങ്ങൾ യാഥാർഥ്യമാക്കാൻ സമയ ബന്ധിത നടപടികൾക്ക് സർക്കാർ രൂപം നൽകി. ഉച്ചകോടിയിൽ ലഭ്യമായ എല്ലാ താത്പര്യപത്രങ്ങളും രണ്ടാഴ്ചക്കുള്ളിൽ സൂക്ഷ്മ പരിശോധന നടത്തി വിവിധ വകുപ്പുകളെ കോർത്തിണക്കി പദ്ധതികളുടെ അനുമതി വേഗത്തിലാക്കാൻ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ അവലോകന സമിതി രൂപവത്കരിക്കും. ഓരോ മേഖലയിലെയും പദ്ധതികളുടെ തുടർ പ്രവർത്തനങ്ങൾ നടത്താൻ ഏഴംഗ സംഘത്തിനൊപ്പം അതത് മേഖലയിലെ വിദഗ്ധരെ കൂടി ചുമതലപ്പെടുത്തും. ആദ്യഘട്ടത്തിൽ 12 വിദഗ്ധരെ നിയമിക്കാനാണ് ലക്ഷ്യമിടുന്നത്. താത്പര്യപത്രങ്ങൾ നൽകിയ സംരംഭങ്ങളുടെ തുടർ പ്രവർത്തനങ്ങൾ കെ.എസ്.ഐ.ഡി.സി. വഴി നടപ്പാക്കും. അമ്പത് കോടിയിൽ താഴെയുള്ള (എം.എസ്.എം.ഇ.) നിക്ഷേപ താത്പര്യപത്രങ്ങളുടെ തുടർ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള സംഘം വഴിയാണ് നടപ്പാക്കുന്നത്. ഐ.ടി. മേഖലയുടെ താത്പര്യപത്രങ്ങൾ ഐ.ടി. വകുപ്പ് കൈകാര്യം ചെയ്യും. അമ്പത് കോടിക്ക് മുകളിലുള്ള പദ്ധതികളുടെ നടത്തിപ്പിനായി കെ.എസ്.ഐ.ഡി.സി. പ്രത്യേക സംഘത്തെ നിയമിക്കും.

തുടർനടപടിക്ക് ടാസ്ക്ഫോഴ്സ് രൂപീകരിക്കുകയും വ്യവസായവകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ പ്രതിമാസം പദ്ധതികൾ വിലയിരുത്തുകയും ചെയ്യും. വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ പുറത്തിറക്കുന്ന നയങ്ങളും ഫ്രെയിം വർക്കുകളും രണ്ട് മാസത്തിനുള്ളിൽ പ്രസിദ്ധപ്പെടുത്തും. പ്രവർത്തനങ്ങൾ വിലയിരുത്താൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗങ്ങൾ നടത്താനും തീരുമാനമായി. കൂടാതെ സംരംഭകർക്ക് തുടർ നടപടികൾക്കായി ടോൾഫ്രീ നമ്പരും ഇമെയിലും ലഭ്യമാക്കും.

വിജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥയുടെ കേന്ദ്രമായി വളരുന്ന കേരളത്തിന്റെ പുരോഗതിക്ക് ആവശ്യമായ തൊഴിൽ വൈദഗ്ധ്യമുള്ള മനുഷ്യവിഭവ ശേഷിയാണ്

സംസ്ഥാനത്തിന്റെ കരുത്ത്. കേരളത്തിലെ നിക്ഷേപ സൗഹൃദ അന്തരീക്ഷത്തിന് തെളിവായി പല ഘടകങ്ങളും ചൂണ്ടിക്കാട്ടുന്നതോടൊപ്പം കേരളത്തിൽ പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനാകും എന്ന ആത്മവിശ്വാസവും ആഗോള നിക്ഷേപക സംഗമത്തിലൂടെ നേടാൻ സാധിച്ചു. 60,000 അധിക തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന പ്രതീക്ഷയാണ് നിക്ഷേപക സംഗമം നൽകിയത്.

ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമം ലോകത്തിനു മുന്നിൽ വലിയ സന്ദേശമാണ് നൽകിയത്. സംരംഭകർ മുന്നോട്ടുവെച്ച വലിയതോതിലുള്ള നിക്ഷേപ വാഗ്ദാനങ്ങൾ കേരളത്തിന്റെ വ്യവസായ മേഖലയിൽ കൂടുതൽ ഊർജം പകരുകയാണ്. എല്ലാ വകുപ്പുകളുടെയും സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ സമഗ്രമായ മാറ്റങ്ങൾക്ക് വഴിയൊരുക്കി. 'ഉത്തരവാദിത്ത വ്യവസായം, ഉത്തരവാദിത്ത നിക്ഷേപം' എന്ന മുദ്രാവാക്യം മുന്നോട്ടു വെക്കുന്ന സർക്കാർ കേരളത്തിന്റെ വ്യവസായ സൗഹൃദ അന്തരീക്ഷം മികവുറ്റതാക്കി. എം.എസ്.എം.ഇ., സ്റ്റാർട്ടപ്പ് മുതലായവയുടെ വളർച്ച, വ്യവസായം തുടങ്ങാനുള്ള അനുമതി വേഗത്തിൽ ലഭ്യമാക്കൽ, തുടങ്ങി, വ്യവസായ മേഖലയിൽ മെച്ചപ്പെട്ട സാഹചര്യങ്ങൾ ഒരുക്കി. നിക്ഷേപക സംഗമം നമ്മുടെ പുതുതലമുറയ്ക്ക് സ്വന്തം നാട്ടിൽ മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള പ്രയത്നങ്ങൾക്ക് കൂടുതൽ ഊർജ്ജം പകരുകയാണ്. വലിപ്പം കൊണ്ട് ചെറിയ കേരളം അവസരങ്ങളുടെ വലിയ കലവറയായി ഭാവിയിൽ മാറുമെന്ന ആത്മവിശ്വാസമാണ് നിക്ഷേപക സംഗമത്തിന്റെ മികച്ച വിജയം നമുക്ക് പകർന്നു നൽകിയത്.

**കെ.എസ്.ഐ.ഡി.സി. മാനേജിങ്ങ് ഡയറക്ടർ ആണ് ലേഖകൻ**

**Scan for the initiative of Industries Department in the previous two years.**

## വ്യവസായിക വാർത്തകൾ

# ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രീയൽ എക്സ്പോ 2026 അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ വച്ച് സംഘടിപ്പിക്കുന്നു

**കെ.**എസ്.എസ്.ഐ.എ.യും, മെട്രോ മാർട്ടും സംയുക്തമായി 2026 ജനുവരി 16,17,18 തീയതികളിൽ അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ വച്ച് നടത്താൻ തീരുമാനിച്ച വിവരം എല്ലാവരേയും അറിയിക്കുന്നു. ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ 2024 ഒരു ചരിത്ര സംഭവമായി മാറി. കേരളത്തിന്റെ വ്യാവസായിക ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തുന്ന രീതിയിലായിരുന്നു ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയുടെ വിജയം. അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചിട്ടുള്ള യന്ത്രങ്ങൾക്ക് പ്രാമുഖ്യം നൽകികൊണ്ട് നടത്തിയതാണ് ഈ പ്രദർശന മേള. ഇതിലും അതിഗംഭീരമായി ഒരുപാട് മാറ്റങ്ങളോടെയും, പുതിയ പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള മെഷിനറികൾക്കും മറ്റും പ്രാമുഖ്യം നല്കി കൊണ്ടായിരിക്കും 2026ൽ ഈ എക്സ്പോ സംഘടിപ്പിക്കുന്നത്. പ്രസ്തുത എക്സ്പോയ്ക്ക് എല്ലാവരും സഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

INDIA INTERNATIONAL INDUSTRIAL EXPO



# വിഴിഞ്ഞം പോർട്ട്

## ലഘു സംരംഭകർക്ക് സമാനതകളില്ലാത്ത അവസരങ്ങൾ



ടി.എസ്. ചന്ദ്രൻ

വിഴിഞ്ഞം പോർട്ട് ഏറെക്കുറെ പ്രവർത്തനസജ്ജമായിരിക്കുന്നു. നിരവധി ഷിപ്പുകൾ വന്നു തുടങ്ങിയിരിക്കുന്നു. എം.എസ്.സി. കമ്പനികളുടെ ഷിപ്പുകളാണ് ഇപ്പോൾ തീരം തൊട്ടിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് നിരവധി ബിസിനസ് സാധ്യതകളാണ് കേരളീയർക്ക് മുന്നിൽ തുറന്നു നൽകുന്നത്. സിംഗപ്പൂർ പോലെ മാതൃകാപരമായ പോർട്ടിൽ ഉള്ള സൗകര്യങ്ങൾ എല്ലാം തന്നെ കേരളത്തിലെ വിഴിഞ്ഞം പോർട്ടിലും ഉണ്ടാകേണ്ടതുണ്ട്. ഇവിടെ വലിയ തോതിലുള്ള നിക്ഷേപ സാധ്യതകളാണ് ചെറു സംരംഭകർക്ക് മുമ്പിൽ തുറന്നു നൽകുന്നത്. സിംഗപ്പൂർ പോർട്ടിലെ എല്ലാ അനുബന്ധ (ആൻസിലറി) പ്രവർത്തികളെക്കുറിച്ച് പഠിച്ചാൽ അവ എല്ലാം തന്നെ വിഴിഞ്ഞത്തേക്കും കൊണ്ടുവരാൻ ആകും എന്ന് മനസ്സിലാകും. യൂറോപ്പ്, മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലേക്കുള്ള ചരക്ക് ഗതാഗതം സുഗമമാവുകയും ചിലവ് വളരെ കുറയുകയും ചെയ്യും എന്നുള്ളതാണ് വിഴിഞ്ഞം പോർട്ടിന്റെ പ്രധാന സവിശേഷത. സിംഗപ്പൂർ പോർട്ടിനെക്കാൾ മികച്ച രീതിയിലേക്ക് വിഴിഞ്ഞം മാറും എന്നുള്ളതാണ് വാണിജ്യ ലോകത്തിന്റെ പ്രതീക്ഷ. അതുകൊണ്ടുതന്നെ വലിയ സാധ്യതകളും അവസരങ്ങളും ആണ് വിഴിഞ്ഞം പോർട്ട് ചെറുകിട ബിസിനസുകാർക്ക് തുറന്നു നൽകുന്നത്.

### 1. ഡ്രൈ സ്റ്റോറുകൾക്കുള്ള അവസരങ്ങൾ

ഡ്രൈ സ്റ്റോറുകൾ എന്ന് മൊത്തമായി അറിയപ്പെടുന്ന നിരവധി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുള്ള വലിയ സാഹചര്യം ഇവിടെ ഒരുങ്ങുകയാണ്. പ്രൊവിഷൻ സാധനസാമഗ്രികൾ, മാംസം, പച്ചക്കറികൾ, ഡ്രൈ ഫ്രൂട്ട്സ്, ഭക്ഷ്യ എണ്ണകൾ, ധാന്യങ്ങൾ, വെജിറ്റബിൾസ്, പഴങ്ങൾ അങ്ങനെ നിരവധി ആയിട്ടുള്ള ഉൽപ്പന്നങ്ങൾ വിഴിഞ്ഞം കേന്ദ്രീകരിച്ച് വിൽക്കുന്നതിനുള്ള സാഹചര്യങ്ങൾ തുറക്കുകയാണ്. സ്വകാര്യ വ്യക്തികൾക്കും സംരംഭങ്ങൾക്കും ഇവിടെ വലിയ തോതി ലുള്ള അവസരങ്ങളാണ് വരാൻ പോകുന്നത്. ഇവ സ്റ്റോക്ക് ചെയ്യുന്നതിനും, പ്രിസർവ് ചെയ്യുന്നതിനും ട്രാൻസ്പോർട്ട് ചെയ്യുന്നതിനും ഒക്കെയുള്ള സൗകര്യങ്ങൾ ഇതിനോട് അനുബന്ധിച്ച് ഉണ്ടാകേണ്ടതുണ്ട്. ഇവിടെയെല്ലാം തന്നെ ലഘു സംരംഭകർക്ക് ധാരാളമായ നിക്ഷേപ സാധ്യതകൾ ഉണ്ട്.

### 2. സേഫ്റ്റി എക്യൂപ്മെന്റുകളുടെ വിതരണം

സേഫ്റ്റി എക്യുമെന്റുകൾക്ക് വലിയ ഡിമാൻഡ് ആണ് ഈ പ്രദേശം കേന്ദ്രീകരിച്ച് ഉണ്ടാകാൻ പോകുന്നത്. ഹെൽമറ്റുകൾ, എയർമട്സ്, ബോയിലർ സ്യൂട്സ്, (ഓവറോൾ സ്യൂട്സ്) ഗൗണുകൾ, ഗ്ലൗസുകൾ അങ്ങനെയങ്ങനെ നിരവധി ആയിട്ടുള്ള സേഫ്റ്റി എക്യുമെന്റുകൾ വിൽക്കുന്നതിനും ആയത് എത്തിച്ചു നൽകുന്നതിനും കഴിയുന്ന സൗകര്യങ്ങൾ ഒരുക്കുക എന്നത് വ്യാപാര മേഖലയ്ക്ക് വലിയ അവസരമാണ്.

### 3. മെഷിനറി പാർട്സുകൾ

ഒരു ഷിപ്പിന്റെ പ്രവർത്തനത്തിന് ആവശ്യമായിട്ടുള്ള നിരവധി എൻജിനീയറിങ്

പാർട്സുകൾക്ക് വൻ സാധ്യതകളാണ് ഉള്ളത്. ഷിപ്പ് പാർട്സുകൾ, എൻജിൻ പാട്സുകൾ, മെക്കാനിക്കൽ പാട്സുകൾ അങ്ങനെയങ്ങനെ നീളുന്ന നിരവധി എൻജിനീയറിങ് ഉൽപ്പന്നങ്ങൾക്ക് ഇവിടെ സാധ്യതകളുണ്ട്. ചെറിയ എഞ്ചിനിയറിങ് യൂണിറ്റുകൾക്ക് പോലും വലിയ തോതിലുള്ള പ്രവർത്തനങ്ങൾ ഇവിടെ കാഴ്ചവയ്ക്കാൻ കഴിയും. ആധുനിക വൽക്കരിച്ച മെഷിനറികൾ അധിഷ്ഠിതമായിട്ടുള്ള എഞ്ചിനിയറിങ് യൂണിറ്റുകൾ സ്ഥാപിച്ചുകൊണ്ട് ഇത്തരം മെക്കാനിക്കൽ വർക്കുകളും ഏറ്റെടുത്ത് ചെയ്യാനാകും.

## 4. സേഫ്റ്റി എക്യുപ്മെന്റുകളുടെ സർവീസിംഗ്

എഞ്ചിൻ പ്രവർത്തനം, ഫയർ ഫൈറ്റിങ് എക്യുമെന്റു കളുടെ പ്രവർത്തനം, അതിന്റെ സർവ്വേ, അതിന്റെ ത്രൈമാസ വാർഷിക മെയിന്റനൻസുകൾ ഇവയ്ക്കെല്ലാം തന്നെ സ്ഥിരം കോൺട്രാക്ടർമാരെയും സ്ഥിരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന സ്ഥാപനങ്ങളെയും ആവശ്യമായി വരുന്നു. ഇത് സമയാസമയങ്ങളിൽ നടത്തേണ്ടത് ഷിപ്പ് കമ്പനികളുടെ ഉത്തരവാദിത്വം കൂടിയാണ്.

## 5. ക്രൂ മാനേജ്മെന്റ്

ഷിപ്പിംഗ് ഏജൻസി സർവീസസ്, ഷിപ്പ് മാനേജ്മെന്റ് എന്നീ ഘടകങ്ങളിലും സംരംഭ സാധ്യതകൾ ഉണ്ട്. വിസ, ഫ്ലൈറ്റ്, റിപ്പർഹേഷൻ മാനേജ്മെന്റ് (പകരക്കാരെ നൽകൽ), മെഡിക്കൽ സേവനങ്ങൾ, വിവരസാങ്കേതിക വിദ്യ ലഭ്യമാക്കൽ, തുടങ്ങി നൂറുകണക്കിന് ഷിപ്പ് മാനേജ്മെന്റ് സേവനങ്ങൾ നൽകുന്നതിന് സംരംഭ ങ്ങൾക്ക് വൻ സാധ്യതകൾ ഉണ്ട്. സൈൻ ഓൺ (ഷിപ്പിൽ കയറ്റൽ) സൈയിൻ ഓഫ് (ഷിപ്പിൽ ഇറക്കൽ) ഇതിനിടയിൽ വരുന്ന ക്രൂ സംബന്ധിച്ച മാറ്റങ്ങൾ നിയന്ത്രിക്കുന്നതിന് കൃത്യമായ ബദൽ സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്.

## 6. ബംഗർ സപ്ലൈ (ഇന്ധനവിതരണം)

ഇന്ധനങ്ങൾ, ഡീസൽ, ഓയിൽ/ലൂബ്രിക്കേറ്റിങ്ങോയിൽ, ഹൈ ഫ്ലൂയിഡ് ഓയിൽ, ഫ്രഷ് വാട്ടർ സപ്ലൈ തുടങ്ങി നിരവധി ആയിട്ടുള്ള ബംഗർ സർവീസ് സേവനങ്ങൾക്ക് ഇവിടെ സാധ്യതകളുണ്ട്. കൂടുതൽ കമ്പനികൾ ഇതുമായി ബന്ധപ്പെട്ട് രംഗപ്രവേശനം ചെയ്യേണ്ടതുണ്ട്. എന്നാൽ മാത്രമേ വിഴിഞ്ഞം തുറമുഖം സുഗമമായി പ്രവർത്തിക്കുകയുള്ളൂ.

## 7. ബംഗർ സർവേ

ബംഗർ സർവ്വേ എന്നാൽ ഇന്ധനം സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് ആണ്. ഒരു ഷിപ്പിൽ എത്ര ഇന്ധനം ഉണ്ട്, എത്ര ഉപയോഗിച്ചു, എത്ര നൽകി, ഇനിയെത്ര വേണം ഇതിന്റെ കാൽക്കുലേഷനുകൾ സമയാസമയങ്ങളിൽ എടുത്ത് നൽകുക എന്നത് മികച്ച ഒരു പ്രൊഫഷണൽ സർവീസാണ്. വിഴിഞ്ഞം തുറമുഖം പ്രവർത്തനപദത്തിൽ വരുമ്പോൾ മുതൽ ഇത്തരം സർവീസുകൾ ഒഴിച്ചുകൂടാൻ ആകില്ല. നിരവധി സാങ്കേതിക/പ്രൊഫഷണൽ സ്ഥാപനങ്ങൾക്ക് ഈ രംഗത്ത് സാധ്യതകൾ ഉണ്ട്.

## 8. ഡ്രാഫ്റ്റ് സർവേയർ കമ്പനികൾ.

ഡ്രാഫ്റ്റ് സർവെയർ എന്നത് ഒരു പ്രൊഫഷണൽ കമ്പനികളുടെ പ്രവർത്തിയാണ്. ഇത് ചരക്കുമായി ബന്ധപ്പെട്ട് കിടക്കുന്നു. കപ്പലിലെ ചരക്കിന്റെ അളവ് നോക്കുക എന്നുള്ളതാണ് ഇതിന്റെ ഒരു പ്രവർത്തന രീതി. എത്ര കയറ്റി, എത്ര ഇറക്കി, ഇനിയെത്ര, എത്ര ഏരിയ ഉപയോഗിക്കുന്നു, എത്ര ഏരിയ ബാക്കി കിടക്കുന്നു, ഇൻവോയ്സിൽ പറയുന്ന അളവ് ഉറപ്പുവരുത്തിയിട്ടുണ്ടോ ഇത്തരം കാര്യങ്ങളൊക്കെ വിലയിരുത്തുന്നത് ഡ്രാഫ്റ്റ് സർവേയർമാരാണ്. പ്രൊഫഷണൽ യോഗ്യതയുള്ള ഇത്തരം സർവ്വേ സ്ഥാപനങ്ങൾക്ക് വലിയ സാധ്യതകളാണ് വിഴിഞ്ഞം പോർട്ടുമായി ബന്ധപ്പെട്ട് തുറക്കാൻ പോകുന്നത്. വിലയിരുത്തലുകൾ മാത്രമല്ല അവയുടെ സർട്ടിഫിക്കേഷനുകളും ഒഴിച്ചുകൂടാനാവാത്തതാണ്.

## 9. ധനകാര്യ സ്ഥാപനങ്ങൾ

അന്താരാഷ്ട്ര തലത്തിൽ പണം കൈകാര്യം ചെയ്യുന്നതിന് നിരവധിയായ സംവിധാനങ്ങൾ ആവശ്യമുണ്ട്. മണി എക്സ്ചേഞ്ച് ഉൾപ്പെടെയുള്ള ഇന്റർനാഷണൽ ബാങ്കിംഗ് സേവനങ്ങൾ, വിദൂരങ്ങളിലേക്ക് പണം അയക്കൽ, ഇൻഷുറൻസ് സേവനങ്ങൾ എന്നിവയെല്ലാം തന്നെ ഇതിന്റെ ഭാഗമായി പ്രത്യേകം ഉണ്ടാകേണ്ടതുണ്ട്. അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾക്ക് വേണ്ട അനുബന്ധ സേവനങ്ങളും നൽകുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇവിടെയും ചാർട്ടേഡ് അക്കൗണ്ടർമാർ പോലുള്ള വിദഗ്ദരുടെ സേവനങ്ങൾ കൂടുതലായി വേണ്ടിവരും.

## 10. മെഡിക്കൽ സേവനങ്ങൾ

ഏതൊരു പ്രദേശത്തെയും പോലെ തന്നെ തുറമുഖ രംഗത്തും വലിയ സാധ്യതകളുള്ള ഒന്നാണ് മെഡിക്കൽ സേവനം. ആയുർവേദം, അലോപ്പതി എന്നിവയ്ക്ക് എല്ലാം തന്നെ ഇവിടെ സാധ്യതകളുണ്ട്. വൻകിട ഹോസ്പിറ്റലുകൾ മാത്രമല്ല ചെറിയ ചെറിയ നേഴ്സിങ് ഹോമുകൾ, ഡോക്ടർ/ഫാർമസിസ്റ്റ്/ എക്സ്റേ ടെക്നീഷ്യന്മാർ അവരുടെ സേവനങ്ങൾ, എന്നീ മേഖലകളിലെല്ലാം തന്നെ അവസരങ്ങളുണ്ട്. ചെറിയ അസുഖങ്ങൾക്ക് വേഗത്തിൽ വന്നു കണ്ടു ചികിത്സിച്ച് തിരിച്ചു പോകാൻ കഴിയുന്ന സംവിധാനങ്ങളാണ് കൂടുതലായി കൊടുക്കേണ്ടി വരിക. ആരോഗ്യ സേവന രംഗത്ത് പുതു സാധ്യതകൾ വിഴിഞ്ഞം പോർട്ടുമായി ബന്ധപ്പെട്ട് വന്നു ചേരുകയാണ്. ഇങ്ങനെ നോക്കിയാൽ ഉപ്പുതൊട്ട് കർപ്പൂരം വരേയും പ്രൊഫഷണൽ/കൺസൾട്ടൻസി മുതൽ എൻജിനീയറിങ് യൂണിറ്റുകൾ വരേയും നിരവധി ചെറുതും വലുതുമായ സംരംഭങ്ങൾക്ക് സാധ്യതകൾ തുറന്നു നൽകുകയാണ് വിഴിഞ്ഞം പോർട്ട്.■

**സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ.**

# വ്യവസായിക വാർത്തകൾ

## സംരംഭങ്ങളും ലൈസൻസും

സംരംഭത്തിന്റെ സ്വഭാവം അനുസരിച്ച് കേന്ദ്ര സംസ്ഥാന വകുപ്പുകളുടെ വിവിധ ലൈസൻസുകൾ എടുക്കേണ്ടതുണ്ട്. എന്നാൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി ചില സംരംഭങ്ങൾക്ക് ഇളവ് നൽകിയിട്ടുണ്ട്. ആതായത് 5 എച്ച്.പി.യിൽ താഴെ വൈദ്യുതി ഉപയോഗിക്കുന്നതും വ്യവസായ വകുപ്പിന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും അംഗീകാരമുള്ളതുമായ നാനോ/ഗാർഹിക സംരംഭങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നൽകുന്ന ലൈസൻസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. G.O.(Rt). No. 160/2020/LSGD, dated 21.01.2020. സംരംഭത്തിന്റെ സ്വഭാവം അനുസരിച്ച് ആവശ്യമായ മറ്റു ലൈസൻസുകൾ എടുക്കണം. ഉദാ: മലിനീകരണ നിയന്ത്രണ ബോർഡ്, ഫുഡ് സേഫ്റ്റി തുടങ്ങിയ കേന്ദ്ര നിയമ പ്രകാരം ആവശ്യമായ ലൈസൻസുകൾ.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ www.kswift.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന സ്വയം സാക്ഷ്യപ്പെടുത്തി അക്നോളജ്മെന്റ് എടുത്ത് സംരംഭം ആരംഭിക്കാവുന്നതാണ്. ഇതിന് 3 വർഷ കാലാവധി ഉള്ളതും അതിന് ശേഷം 6 മാസത്തിനുള്ളിൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതുമാണ്.

5 എച്ച്.പി.യിൽ താഴെ വൈദ്യുതി ഉപയോഗിക്കുന്ന സംരംഭമാണെങ്കിൽ പഞ്ചായത്ത് ലൈസൻസ് ആവശ്യമില്ലെങ്കിലും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം ആവശ്യമാണ്. എം.എസ്.എം.ഇ. വകുപ്പിന്റെ ഉദ്യം രജിസ്ട്രേഷനും സംരംഭകൻ എടുത്തിരിക്കണം. ഭക്ഷ്യ ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന സംരംഭങ്ങൾക്ക് FSSAI രജിസ്ട്രേഷൻ ആവശ്യമാണ്.

സംരംഭം തുടങ്ങുന്നതിന് ആവശ്യമായ ഓരോ ലൈസൻസും എടുക്കാൻ പ്രത്യേകം ഓഫീസുകളിൽ പോകേണ്ടതില്ല. കെ-സ്വീഫ്റ്റ് പോർട്ടൽ മുഖേന ആവശ്യമായ രേഖകൾ അപ്ലോഡ് ചെയ്ത് ഓരോ വകുപ്പുകളിലേക്കും പ്രത്യേകം അപേക്ഷ സമർപ്പിക്കാവുന്നതാണ്. 280 രൂപയാണ് അപേക്ഷ ഫീസ്. വിവിധ ലൈസൻസുകളുടെ അപേക്ഷ ഫീസ് പ്രത്യേകമായി അടക്കേണ്ടതാണ്.

## മാനുഫാക്ചറിംഗ് സ്റ്റാർട്ടപ്പ്കൾക്ക് ഉള്ള സഹായം

ഉൽപ്പാദന മേഖലയിൽ നൂതന ആശയങ്ങളുള്ള സ്റ്റാർട്ടപ്പുകളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതി നിലവിലുണ്ട്. പദ്ധതി ചെലവിന്റെ 75 ശതമാനം വരെ സഹായം (പരമാവധി 10 ലക്ഷം രൂപ), ആശയത്തിന്റെ വികസനം മുതൽ പ്രോട്ടോടൈപ്പ് വികസിപ്പിക്കുന്നതുവരെയുള്ള പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്ന ചെലവ് ആണ് പദ്ധതി ചെലവ് ആയി കണക്കാക്കുന്നത്. നൂതന ആശയങ്ങൾ ജില്ലാതല പ്രോജക്റ്റ് അപ്രൈസൽ കമ്മിറ്റി അംഗീകരിക്കണം. മൂന്ന് ഘട്ടങ്ങളിലായിട്ടാണ് ധനസഹായം നൽകുന്നത്. ഈ സേവനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക.

## ചാറ്റ് വിത്ത് മിനിസ്റ്റർ

വ്യവസായ സംരംഭകർക്ക് അവരുടെ സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങളും, പരാതികളും, അധികൃതരെ അറിയിക്കുവാനുള്ള സംവിധാനം. സംരംഭകർക്ക് അവരുടെ പരാതികൾ/അന്വേഷണങ്ങൾ 98464 41445 എന്ന വാട്സാപ്പ് കോൺടാക്റ്റ് നമ്പറിലേയ്ക്ക് സന്ദേശമായിട്ട് അയക്കാവുന്നതാണ്. തുടർന്ന് ജില്ലാതല റിസോഴ്സ് പേഴ്സൺമാരുടെയും വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരും അടങ്ങുന്ന സംവിധാനത്തിലൂടെ പരമാവധി 7 ദിവസത്തെ സമയ പരിധിക്കുള്ളിൽ ഇത് പരിഹരിക്കുകയും ഉചിതമായ മറുപടി നൽകുകയും ചെയ്യുന്നതാണ്. സംരംഭകർ ഈ സേവനം പരമാവധി പ്രയോജനപ്പെടുത്തുക.

## നമ്മുടെ വ്യവസായം

വ്യവസായ സംബന്ധമായ സംശയങ്ങൾക്ക് വിദഗ്ധർ മറുപടി പറയുന്നു. കെ.എസ്.എസ്.ഐ.എ. ന്യൂസിലൂടെ വായനക്കാരുടെ പ്രതികരണങ്ങൾ ഞങ്ങൾ പ്രസിദ്ധികരിക്കുന്നു. E-Mail: kssianews@gmail.com, kssiastate@gmail.com



അതിർത്തികൾക്ക്
അതിരറ്റ
സുരക്ഷ
KNOTTED FENCING
MODERN
DISTROPOLIS
Authorized Distributor
Modern Distropolis Ltd
AP IX/78B Modern Industrial Complex Cheppur
Anakkayam P.O. Malappuaram (DT) 676509
www.moderndistropolis.com
Ph: 0483-2782354 | Toll Free : 18001212354
TATA WIRON
#StrengtheningTomorrow

25th March 2025, Kalamassery
Regn. No. KERBIL/2005/23143

KSSiA NEWS

Journal of The Kerala State Small Industries Association
Registered: Postal Regn. No. KL/EKM/767/2023-25
Licensed to Post without Pre-payment KL/CR/EKM/WPP-3/2023-25

Price
₹ 5.00




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.